ശ്രീ.

എസ്. റ്റി. റെഡ്യാർ ശേഖരിച്ച

കലക്കത്തു കുഞ്ചൻനമ്പ്യാരുടെ

# ൬൪—തുള്ളൽക്കഥകൾ.

---

ശ്രീമാൻ റ്റി. എൻ. നാണുപിള്ളആശാൻ

അവർകളെക്കൊണ്ട്

പരിശോധിപ്പിച്ച്

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടത്തിൽ

അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു്.

കൊല്ലം.

THIS IS THE PROPERTY OF ... CHURCH OF SCOTLAND ... SETTLEMENT

---

൫-ാം പതിപ്പ് ൨൦൦൦—പ്രതികൾ.

---

കാപ്പിറൈറ്റു് രജിസ്റ്റർ ചെയ്തിരിക്കുന്നു.

—*—

1103. — 1928

ചാരത്തിൽവിവാഹത്തിൻവിധിയെല്ലാമനു-
(ഷ്ഠിച്ചു
ധരണീദേവവൃന്ദങ്ങൾവന്നുഹോമാദികൾചെ-
(യ്തു
വരുന്നഭൂസുരന്മാർക്കുപ്രതിഗ്രഹംവഴിപോലെ
കരംനന്നായ്നിറച്ചങ്ങുകനകംദാനവുംചെയ്തു
മണിപൊന്നുംരജതവുംപണവുംപട്ടുവസ്ത്രങ്ങ-
(ൾ
മടിക്കാതെകോരിവാരിക്കൊടുത്തുഹേഹയാധീ
(ശൻ
ഗണിതക്കാർവിധിച്ചോരുമുഹൂർത്തമങ്ങടുത്ത-
(പ്പോൾ
മണിരംഗസ്ഥലംതന്നിൽപലഹോമങ്ങളുംചെ
(യ്തോ
രുപാദ്ധ്യായദ്വിജന്മാരാലുപദിഷ്ടങ്ങളായുള്ള
വിധിയെല്ലാമനുഷ്ഠിച്ചുവിവാഹകർമ്മവുംചെ-
(യ്തു

ഹരിണീസ്വയംവരം
ശീതങ്കൻതുള്ളൽ
സമാപ്തം.

———

# ധ്രുവചരിതം

## ശീതങ്കൻതുള്ളൽ.

—൦—

ഇമ്പംകലൎന്നുള്ളവിഷ്ണുഭക്തന്മാരിൽ
മുമ്പനായുള്ളധ്രുവന്റെചരിത്രത്തെ
വൎണ്ണിപ്പിച്ചവിദ്വജ്ജനങ്ങളെല്ലാവരും
അമ്പോടുകേട്ടിന്നനുഗ്രഹിക്കേണമേ
എത്രയുംധന്യനായുള്ളമനുവിന്റെ
പുത്രനായിട്ടൊരുമന്നവനുണ്ടായി
ഉത്താനപാദനെന്നിങ്ങനെമികകൾ
പത്തുംപുകഴ്ന്നോരുനാമമുടയവൻ
ചീൎത്തോരുകാരുണ്യമൂൎത്തിയാംമന്നവൻ
പാൎത്തലംതന്നിലെമൎത്ത്യജനങ്ങളെ
അൎത്തിശമിപ്പിച്ചുകീൎത്തിവൎദ്ധിപ്പിച്ചു
പാൎത്തലംതന്നിലകീൎത്തിനടത്തിച്ചു
ധൂൎത്തരെയെല്ലാമമൎത്തുവാനീശ്വര
വാൎത്തകളെപ്പോഴുമോൎത്തുധനങ്ങളെ
പേൎത്തുസമ്പാദിച്ചുനേൎത്തുവരുന്നോരു
പാൎത്ഥിവരാമിയംശത്രുജനങ്ങളെ
ക്രുദ്ധശരംകൊണ്ടുമൂൎത്തിതകൎത്തുട
നാൎത്തിപിടിപ്പിച്ചുപാൎത്തലേയോടിച്ചു
കാൽത്തളിർകൂപ്പുന്നപാൎത്ഥിവന്മാരിൽനി-
ന്നൎത്ഥങ്ങൾമേടിച്ചനൎത്ഥംശമിപ്പിച്ചു
അൎത്ഥിജനത്തിനുമൎത്ഥംകൊടുത്തുട-
നാൎത്തിയുംതീൎത്തുകൃതാൎത്ഥതകല്പിച്ചു
മാൎത്താണ്ഡതുല്യനാംമാൎത്താണ്ഡപുത്രജൻ
ധാത്രീവരോത്തമൻധാത്രീപരിത്രാണ-
മെത്രയുംചിത്രമായത്രചെയ്താൻനല്ല
ക്ഷേത്രംപണിയിച്ചുപാത്രങ്ങൾതീൎപ്പിച്ചു
വട്ടത്തിലോരോകുളങ്ങൾകുഴിപ്പിച്ചു
വെട്ടിപ്പിടിപ്പിച്ചുനാട്ടുവഴികളിൽ
നാട്ടുകല്ലിട്ടുനടക്കാവുവയ്പിച്ചു
കാട്ടിലോരോവഴിവെട്ടിത്തെളിപ്പിച്ചു
ഊട്ടുവാനോരോരോക്കോട്ടിലുംകല്പിച്ചു
കൂട്ടുവാനുള്ളതുമൊട്ടുംകുറയാതെ
ഊട്ടിൽപ്പതിനെട്ടുകൂട്ടംകറികളും
നാട്ടിലിരിക്കുന്നപട്ടന്മാൎക്കുംപിന്നെ
മുട്ടാതെനിത്യവുമൂട്ടുംകല്പിച്ചു
പട്ടണംതോറുമങ്ങാടികൾകെട്ടിച്ചു
ചെട്ടിമാരുവ്യകൾപട്ടാണിവീടുകൾ
മുട്ടിപ്പുരകളുംതട്ടാക്കുടികളും
നാട്ടിൽപതിനെട്ടുകെട്ടുള്ളവീടുക-
ളൊട്ടല്ലവന്നൊരുകോടിപണിയിച്ചു
ചട്ടങ്ങളിങ്ങനെകൂട്ടിക്ഷിതീതലേ
ദുഷ്ടരെശ്ശിക്ഷിച്ചുശിഷ്ടരെപ്പാലിച്ചു
പുഷ്ടിയകാലത്തുപുഷ്ടമായുണ്ടായി
നിഷ്ഠയേറുംദ്വിജശ്രേഷ്ഠരെക്കൊണ്ടുടൻ
ഇഷ്ടിയുംചെയ്യിച്ചുധൎമ്മത്തിനൊത്തൊരു
കൎമ്മങ്ങളാകവേനിൎമ്മിച്ചുഭൂതലേ
ശൎമ്മംവരുത്തുന്നനിൎമ്മലഭൂപതി
ധൎമ്മസചിവന്മാരോടങ്ങൊരുമിച്ചു
ധൎമ്മാസനത്തലിരുന്നരുളീടിനാൻ
മേനോക്കിയചരനുംസേനാപതികളും
മാനമേറീടുന്നമന്ത്രിപ്രവരനും
ദീനമകന്നുള്ളനാനാജനങ്ങളും
ഹാനികൂടാതെസുഖിച്ചുവാണീടിനാർ
അച്ചിങ്ങപിച്ചിങ്ങപാവയ്ക്കകോവയ്ക്ക
കാച്ചിലെന്നിത്തരംകെട്ടിയെടുപ്പിച്ചു
കാഴ്ചവെച്ചൻപൊടുതുക്കാൽവണങ്ങുന്നു
വീഴ്ചയെന്ന്യേലോകവാസികളൊക്കെയും
മന്നവൻതന്നുടെമന്ദിരംതന്നുള്ളിൽ
കന്നിച്ചുകൂടുന്നുപൊന്നുംപണങ്ങളും
മന്നിൽവിളയുന്നധാന്യരത്നങ്ങളും
ഉന്നതമാകിനൊരാനപ്പടകളും
മന്നിൽപ്പരക്കുംകുതിരപ്പടകളും
മിന്നുംമിടിലുംമിടുക്കമണിയുന്നു
കന്നൽമിഴികളുമന്യജനങ്ങളും
ചേണാൎന്നലക്ഷ്മീവിലാസങ്ങളിങ്ങിനെ
കാണുന്നതേതുംസഹിയാഞ്ഞുവിദ്വേഷം-

ന്നൂണില്ലുറക്കമില്ലെന്നല്ലമെല്ലവേ
നാണിച്ചുകേണങ്ങൊളിച്ചുവാണീടുന്നു
ഏണാക്ഷിമാരുടെവക്ത്രങ്ങൾകാൺകയാൽ
ഏണാങ്കനൊട്ടൊട്ടൊളിച്ചുനടക്കുന്നു
കാണാതെജന്മംകഴിക്കേണമെന്നോർത്തു
താണമേഘങ്ങളിൽനൂണുനടക്കുന്നു
മാളികാസൌധംമുകളേറിമേവുന്നു
കാണിനേരമൊരേടത്തുകാണുന്നീലാ;
ഉത്താനപാദന്റെപത്തനംതന്നില
ങ്ങുത്തമസ്ത്രീകടെനൃത്തപ്രയോഗവും
മദ്ദളക്കാരുടെഒത്തുംകലാശവും
കൂത്തിനിണങ്ങുന്നതിത്തിപ്രയോഗവും
വൃത്ത്ക്കചേരുംപ്രവൃത്തിപ്രസംഗവും
മംഗലമാകുംമൃദംഗശബ്ദങ്ങളും
തുംഗങ്ങളായുള്ളരംഗങ്ങളിൽപുന-
രംഗനമാരുടെസംഗീതഭംഗിയും
ശൃംഗവരങ്ങളിൽശൃംഗാരലീലയും
തുംഗഹർമ്മ്യങ്ങളിലംഗജക്രീഡയും
കാളംകടുന്തുടിചേങ്ങിലയുംനല്ല
മേളംതകിലുംമുരളുംകലാവിദ്യാ
പാഠകന്മാരുടെ പാഠകംനാടകം
ചേടകന്മാരുടെചാട്ടുകടുംപൂജ
വിദ്വജ്ജനത്തിന്റെഗദ്യങ്ങൾപദ്യങ്ങൾ
സദ്യോവരുന്നോരുസദ്യോഗസമ്പത്തു
സദ്യോഗ്രഹങ്ങളിലുദ്യാനലീലക-
ളുദ്യോഗമോടുടൻപദ്യാദിലേഖനം
മദ്യാലയങ്ങളിൽമദ്യപാനോത്സവം
സദ്യഗൃഹങ്ങളിൽവാദ്യപ്രയോഗവും
ഗ്രന്ഥികളോരോരോദിക്കിന്നുവന്നുടൻ
സന്തതംമന്നവൻമുന്നിലിരുന്നോരോ
ഗ്രന്ഥങ്ങൾനോക്കിവായിച്ചുപൊരുൾപറ-
ഞ്ഞന്തരംകൂടാതെകാലംകഴിക്കയും
മാലതീമാധവംശാകുന്തളംപിന്നെ
ബാലരാമായണംകർപ്പൂരമഞ്ജരി
മാളവികാഗ്നിയുംമിത്രാംബുരാശിയും
മേളംകലർന്നോരുമുദ്രാരാക്ഷസം
മല്ലികാമാരുതംനല്ലധനഞ്ജയം
കല്യാണിസൌഗന്ധികംപ്രിയദർശിക
വേണിസംഹാരംപ്രബോധചന്ദ്രോദയം
ഭാണംപ്രഹസനംപിന്നെരത്നാവലി
ഉത്തമരാമചരിതംനളോദയം
ഇത്തരംനാടകംകൂടെവായിക്കയും
മാഘംകിരാതാർജ്ജുനീയവുംഭട്ടിയും
മേഘസന്ദേശംരഘുവംശവുംപിന്നെ
ചൊൽക്കൊള്ളുന്നൈഷധംനളകളോദയം
സൽകൃതമാംബാലഭാരതമെന്നിവ
കാവ്യങ്ങളുംപലവായിച്ചുകൊൾകയും
കാവ്യപ്രകാരംവിചാരിച്ചിരിക്കയും
കൂർമ്മപുരാണവുംവിഷ്ണുപുരാണവും
വാൽമീകിരാമായണംമഹാഭാരതം
അദ്ധ്യാത്മരാമായണംഹരിവംശവും
ശുദ്ധമാംശ്രീഭാഗവതംവിശേഷിച്ചു
സ്കാന്ദംപുരാണവുംവായുപുരാണവു
മെന്നുതുടങ്ങിപുരാണംപഠിക്കയും
പ്രക്രിയാകൌമുദീസിദ്ധാന്തകൌമുദീ
പ്രക്രിയാമഞ്ജരീകാശികാവൃത്തിയും
പ്രക്രിയാസാരവുംനല്ലമനോരമാ
പ്രക്രിയാസർവ്വസ്വവുംപദമഞ്ജരി
ധാതുവൃത്തിശബ്ദകൌസ്തുഭഭൂഷണം
ധാതുപാഠംനല്ലശുദ്ധാശ്രുവൃത്തിയും
ദുർഘടവൃത്തിയുംവൃത്തിരത്നംപിന്നെ
ദുർഘടമായുള്ളവാക്യപദീയവും
ധർമ്മവൃത്ത്യാദിയാംവ്യാകരണങ്ങളെ
ധർമ്മിയാംമന്നവൻവായിച്ചുകേൾക്കയും
ഇത്ഥംസുഖിച്ചുരസിച്ചങ്ങുവാണീടു-
മുത്താനപാദനുരണ്ടുണ്ടുഭാര്യമാർ
ഉത്തമശീലയായുള്ളസുനീതിയും
ചിത്താഭിരാമയായുള്ളസുരുചിയും
രണ്ടുപേരോടുമൊരുമിച്ചുഭൂപതി
തണ്ടാർശരോത്സവമാടിവാണീടിനാൻ;
കണ്ടാലധികംമനോജ്ഞമാരായുള്ള
കൊണ്ടൽക്കുഴൽമണിമാരെപ്പിരിഞ്ഞങ്ങു
കാണിനേരംപോലുമുത്താനപാദനു
വാണീടുവാനെളുതല്ലാതെയുംവന്നു
കാണാതിരിക്കയുംപ്രാണൻത്യജിക്കയും
ക്ഷോണീപതിക്കുരണ്ടുംസമംതന്നെ
ഊണുമുറക്കവുംവേണമെന്നില്ലിഹ
നാണമെന്നുള്ളതുംതാണുപതുക്കവേ
ഏണാക്ഷിമാരാമിവരോടൊരുമിച്ചു
കോണിലൊരുമണിമച്ചിലിരിക്കയും
രണ്ടുപേരെയുംമടിയിൽകിടത്തീട്ടു
കൊണ്ടൽകുറുനിരചീകിവിടുക്കയും
കൊണ്ടാടിയോരോരോമാലചൂടിക്കയും
തണ്ടാർശരങ്ങളെക്കൊണ്ടുമോഹിക്കയും
ഇങ്ങനെനാലഞ്ചുമാസംകഴിഞ്ഞപ്പോ-
ളംഗനമാർക്കിരുവർക്കുംകനക്കവേ
തങ്ങളിൽസൌഭാഗ്യമത്സരംവർദ്ധിച്ചു
മങ്ങിത്തുടങ്ങിവിനോദങ്ങളൊക്കെയും
ചിക്കെന്നനുജത്തിയായസുരുചിയെ
നോക്കുന്നനേരത്തുചീറുമജ്യേഷ്ഠത്തി
ജ്യേഷ്ഠത്തിയെപ്പിന്നെനോക്കിയെന്നാകിലോ
പൊട്ടുന്നനുജത്തിതാനുംകയർത്തിടും
രണ്ടുപെണ്ണുങ്ങളെക്കൂടിവെട്ടാലുള്ള
ചെണ്ടത്തമിങ്ങിനെകണ്ടാലുമേവരും
രണ്ടുകളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കുസുഖമില്ലൊരിക്കലും
രണ്ടുപേർക്കുംമനക്കാമ്പിലാഭോഷനെ
കണ്ടുകൂടാതെയാമില്ലൊരുസംശയം.

രണ്ടായിരംപണംകിട്ടുമെന്നാകിലും
രണ്ടുവിവാഹമെളുതല്ലനിർണ്ണയം
രണ്ടാമവളാംസുരുചിതൻപാട്ടിലാ-
യണ്ടർകോൻതുല്യനാംഭൂപതിചിത്തവും
തുഷ്ടിയോടായവൾചെല്ലുന്നതേനൃപൻ
കൂട്ടാക്കയുള്ളെന്നുകണ്ടുസുനീതിയും
ഒട്ടേറെയുണ്ടായൊരിണ്ടൽശമിപ്പിച്ചു
കേട്ടീലകണ്ടീലഞാനെന്നടങ്ങിനാൾ
അക്കാലമുണ്ടായിഗർഭമിരുവർക്കു-
മക്കപുത്രാത്മജൻനന്നായ്പ്രസാദിച്ചു
വെക്കംപ്രസവിച്ചിരുവർക്കുമോരോരോ
പുത്രരുമുണ്ടായിതെത്രയുമത്ഭുതം!
മൂത്തവളായസുനീതിതൻനന്ദന-
നുത്താനപാദൻധ്രുവനെന്നുപേരിട്ടു
മറ്റവൾപെറ്റസുതനുത്തമനെന്നു-
മേറ്റംപ്രസിദ്ധമായ്വന്നുജഗത്ത്രയെ
കുറ്റമകന്നുള്ളകുറ്റക്കുഴലിമാ-
രറ്റമില്ലാതുള്ളസന്തോഷമോടുടൻ
ആറുനോറ്റുണ്ടായബാലകന്മാരെയും
തെറ്റെന്നുനന്നായുളത്തുതുടങ്ങിനാർ
അപ്പോളടുക്കളക്കാരൻമനോജ്ഞന-
ങ്ങപ്പവുംവാർത്തങ്ങുരണ്ടുകുഞ്ഞുങ്ങൾക്കും
ഒപ്പംപകുത്തങ്ങുവച്ചോരുനേരത്തു
കെല്പോടനുജത്തിചെന്നെടുത്താകവെ
അപ്പംചെലുത്തിനാൾതാനുംമകനുമാ-
യല്പവുംമറ്റേക്കുമാരനുനൽകാതെ
അപ്പത്തിലേതാനുമല്പമായ്ശേഷിക്കി-
ലപ്പാടെടുത്തങ്ങുകുപ്പയിലാക്കിടും;
വത്സനുംപാലുംപഴംപഞ്ചസാരയും
മൽസുതന്മാർക്കിരുവർക്കുംകൊടുക്കനീ
മത്സരമേതുംതരമല്ലവല്ലഭേ!
കുത്സിതംകാട്ടാതിരിക്കേണമെന്നിദം;
ഉത്സാഹമോടരുൾചെയ്യുംനരേന്ദ്രനെ
ഭർത്സിക്കയുംചെയ്തുമേറ്റംസുരുചിയും
ഉൽസുകനാകുമൊരുത്താനപാദനു
വാത്സല്യമുണ്ടാകകൊണ്ടങ്ങവളുടെ
ദുസ്സ്വഭാവംശമിപ്പിപ്പാനെളുതല്ല
തത്സ്വരൂപാമൃതംതന്നിൽരമിക്കയാൽ
വത്സരംമൂന്നുതികഞ്ഞില്ലകുഞ്ഞിനു
മത്സരംപാരംസുരുചിതുടങ്ങുന്നു
ചിത്സ്വരൂപൻമുകുന്ദൻചിരംനമ്മുടെ
വത്സനെപ്പാലിച്ചുകൊള്ളേണമെപ്പോഴും
മുറ്റുംരമാകാന്തനെന്യേനമുക്കൊരു
കൂറ്റാരുമില്ലെന്നുറച്ചുസുനീതിയും
അറ്റമില്ലാതുള്ളഭക്തികൈക്കൊണ്ടവൾ
പോറ്റിയെത്തന്നെഭജിച്ചുതുടങ്ങിനാൾ
വേറെവിളിച്ചുസുരുചിതൻപുത്രനു
ചോറുകൊടുപ്പാൻതുടങ്ങുന്നനേരത്തു
കൂറ്റിയാത്തകുമാരൻധ്രുവൻതാനു-
മേറെപ്രസാദിച്ചുമണ്ടിവന്നീടിനാൻ;
ദുഷ്ടയായുള്ളവളപ്പോളെഴുന്നേറ്റു
കഷ്ടംകതകടച്ചങ്ങിരുന്നീടിനാൾ
പെട്ടെന്നുബാലകൻനിന്നുകരയുന്ന
കേട്ടാലവൾക്കൊരുകോട്ടമില്ലേതുമേ!
മറ്റവൾചെന്നങ്ങെടുത്തുകരച്ചിലും
മാറ്റിമുലയുംകൊടുത്തുതുടങ്ങിനാൾ;
"ചെറ്റുംകുമാരക!നിന്നുടെതാതന്റെ
"കുറ്റമല്ലേതുമിതെന്നുബോധിക്കനീ
കൂറ്റുകാരില്ലാതെതീർന്നോരുനമ്മളെ
പോറ്റുവാനീശ്വരൻതന്നെകുമാരക!
മാറ്റിത്തമുള്ളോരുനീയുമിന്നെന്റെ
വയറ്റിൽപിറന്നുപറഞ്ഞാൽഫലമില്ല;
മറ്റൊരേടത്തുപിറന്നീയെങ്കിലി-
ന്നേറ്റംസുഖിച്ചുവളരാൻകുറവില്ല
മറ്റൊരുത്തന്റെമകനായ്പിറന്നെങ്കിൽ
മുറ്റുമീദുഃഖങ്ങളൊന്നുംവരത്തില്ലാ;
കൊറ്റിനില്ലെങ്കിലുംകൂറുള്ളവരോടു
ചീറ്റംതുടങ്ങിയാൽവാഴില്ലപെണ്ണിനു
പെറ്റാവുഞാനെന്നുപാരംകൊതിക്കുന്ന
കുറ്റക്കുഴലിമാരേറ്റമുണ്ടിന്നാട്ടിൽ,
പെറ്റപിള്ളയ്ക്കൊരുസങ്കടംകൂടാതെ
പോറ്റുമിന്നേറ്റംദരിദ്രനെന്നാകിലും
ഏറ്റംകയയ്ക്കുംസുരുചിതന്നോടുഞാൻ
തോറ്റുകൊണ്ടത്രേദിവസംകഴിക്കുന്നു
നീറ്റിൽകിടക്കുന്നനക്രംകണക്കിനു
ചീറ്റിയടുക്കുന്നുനിന്നോടുമെന്നോടും
അറ്റമില്ലോരോന്നുചിന്തിച്ചുകാണുമ്പോൾ
മുറ്റുംവിഷാദംകലരുന്നുമാനസേ
കുറ്റംവരുത്തിപ്പുറത്തിറക്കുംമുമ്പേ
മറ്റൊരുദിക്കിന്നുമാറുകേയാവിനി
പട്ടിണിയിട്ടുകിടന്നുവെന്നാലുമി-
ന്നാട്ടിലിരുന്നുപൊറുപ്പാനെളുതല്ല;
പട്ടണംതോറുമിരന്നുകൊള്ളാമതിൽ
കിട്ടുന്നതുകൊണ്ടഹസ്സുകഴിച്ചിടാം
മുട്ടുന്നനേരത്തുദൈവംതുണയാകു-
മൊട്ടുമതിനൊരുസന്ദേഹവുമില്ല;
മറ്റവളെപ്പോലെയെന്നെയുംമന്നവൻ
വേട്ടുവെന്നെല്ലാംപറഞ്ഞാൽഫലമില്ല;
പെട്ടെന്നൊരുത്തിതൻഭാഗ്യവിശേഷങ്ങൾ
കിട്ടുമോമറ്റൊരുത്തിക്കുമതുപോലെ,
കട്ടിലുകണ്ടുപനിച്ചാൽകണക്കല്ല
കിട്ടുമെന്നാകിലേമോഹംതുടങ്ങാവൂ;
ഒട്ടുംകനിവില്ലകാന്തനെന്നാലവൻ
കാട്ടുന്നതൊക്കെയുംഗോഷ്ഠിയെന്നേവരൂ;
സ്രഷ്ടാവുനിന്റെശിരസ്സിൽവരച്ചതി-
നൊട്ടുംപിഴവരികില്ലെടോബാലക;
മുട്ടാതെനീയുംമുകുന്ദനെസ്സേവിച്ചു
തുഷ്ടിവരുത്തുവാനായിത്തുടങ്ങുക;

വിഷ്ടപവാസികൾക്കെല്ലാമവൻതന്നെ
തുഷ്ടിയുംപുഷ്ടിയുമിഷ്ടിയുംനൽകുന്നു;
ഇഷ്ടിചെയ്യാലുടൻപുഷ്ടിയുണ്ടാകുന്നു
ഇഷ്ടജനത്തെവിശിഷ്ടമാക്കീടുന്നു;
കഷ്ടകാലംനമുക്കാശുനീങ്ങീടുവാൻ
നിഷ്ഠുരമാകുംതപസ്സുചെയ്യീടുക"
ശുദ്ധനാംബാലനോടേവമുരചെയ്തു
ചിത്തഖേദംശമിപ്പിച്ചാൾസുനീതിയും
ഉത്താനപാദന്റെവല്ലഭമാരുടെ
വൃത്താന്തമിങ്ങനെകേട്ടവർകേട്ടവർ
പത്തനംതോറുമിരുന്നുപറഞ്ഞുകൊ-
ണ്ടാത്തകോലാഹലംനാട്ടിൽപരത്തിനാർ;
അമ്പലംതോറുംബലിക്കൽപ്പുരകളി
ലൻപോടുകൊററുംകഴിച്ചുവന്നാകവെ
നമ്പൂതിരിമാരുമെമ്പ്രാന്തിരികളു-
മമ്പലവാസികളല്ലാതെയുംചിലർ;
ഇമ്പംകലൎന്നുമുറുക്കിയങ്ങിക്കഥാ
രംഭംതുടങ്ങിനാരിങ്ങനെതങ്ങളിൽ
"കേട്ടില്ലയോനിങ്ങളുത്താനപാദന്റെ
വീട്ടിലെക്കോലാഹലങ്ങളിതൊന്നുമേ
ജ്യേഷ്ഠപത്നിയുമനുജത്തിയുംതങ്ങളിൽ
ചട്ടികലങ്ങളുംക്രുദ്ധപ്പകത്തുപോൽ
മുട്ടിച്ചമഞ്ഞുപോലുത്താനപാദനി-
ജ്ജ്യേഷ്ഠകൾക്കൊട്ടുമടക്കമില്ലായ്കയാൽ
ഒട്ടുമിസ്ത്രീകളെവിശ്വസിപ്പാൻമേലാ
ദുഷ്ടതയേറുമവൎക്കെന്നുനിശ്ചയം;
കേട്ടുകൊൾവിൻനിങ്ങൾപണ്ടൊരുചെട്ടിക്കു
പെട്ടോരനൎത്ഥമൊരുത്തിനിമിത്തമായ്
ആക്കഥകേൾക്കണമെങ്കിലതൊട്ടുചു-
രുക്കിപ്പറഞ്ഞറിയിക്കാംമടിക്കാതെ;
പടിഞ്ഞാറെക്കടൽതന്റെതടന്തന്നിൽവി-
(ളങ്ങുന്ന
കനകപട്ടണമെന്നുപ്രസിദ്ധമാംനഗര-
(ത്തിൽ
അനവധിധനംകൊണ്ടുധനദനെജ്ജയിച്ചീടും
ധനവാനായൊരുചെട്ടികനിവോടേവസിക്കു-
(മ്പോൾ
തനിക്കൊത്തസുഖമെല്ലാമനുഭവിച്ചിരിക്കു-
(മ്പോൾ
മനക്കാമ്പിലൊരുവേളികഴിക്കേണമെന്നുറച്ചു;
വസുഭൂതിയെന്നുപേരാംമണിഹാരച്ചെട്ടിത-
(ന്റെ
വസുലക്ഷ്മിയെന്നുപേരാംമകളേയുംവേട്ടു-
(കൊണ്ടാൻ
ഭുവനത്തിലൊരുപെണ്ണുമവൾക്കപ്പോളെതിരി-
(ല്ല
നവമായയൌവനവുംവന്നുമെല്ലെയകംപുക്കു
ഇരുണ്ടഗ്രംചുരുണ്ടുള്ളതലമുടിയടിയോളം
വടിവോടേമാറുതിങ്ങിമുലകളുംവന്നുപൊങ്ങി!
തുടുതുടെവിലസുന്നചൊടികളുംനല്ലപല്ലും,
ചടുലമാംകടാക്ഷവുമിടയിൽമന്ദഹാസവും
കടകംകാഞ്ചിയുംമാലാവിളങ്ങുംകുണ്ഡലംതാ-
(ലി
തരിവളയിവയെല്ലാംസരസമണിഞ്ഞാശ്രു
തരമായതരുണിയെപ്പരിചോടുലഭിക്കയാൽ
പരിതോഷാന്വിതനായിപുരമുറിയകംപുക്കു
പരിമളമിളകിനപനിനീരുകറിക്കൂട്ടും
സരസമാംകുസുമങ്ങളിവയെല്ലാമണിഞ്ഞാശ്രു
കരിവരനടയാളാംതരുണിയോടൊരുമിച്ചു
പരവശതരനായിധനദത്തനെന്നചെട്ടി;
സുരതത്തിന്നൊരുമ്പെട്ടുചിരകാലമവളുമാ-
യൊരുനേരംതരുണിയെപ്പിരിയാതങ്ങൊരു-
(മിച്ചു;
പരമസുന്ദരിയായവസുലക്ഷ്മിയൊടുംകൂടി
സരസനാംധനദത്തൻരസിച്ചുവാണിരിക്കു-
(മ്പോൾ
നാട്ടിന്നധിപതിയായുള്ളരാജാവു
കേട്ടുധനദത്തവൃത്താന്തമൊക്കവേ
ചെട്ടിച്ചിതന്നുടെപാട്ടിലായ്നമ്മുടെ
ചെട്ടിധനദത്തനെന്നുവന്നാലിനി
കപ്പലോട്ടത്തിനിന്നാരുമില്ലെന്നല്ല
വട്ടംചിതമല്ലവാണിഭംനാസ്തിയാം
അങ്ങാടിപാടേമുടങ്ങിക്കിടന്നുപോ-
മങ്ങവനിപ്പോളുപേക്ഷതുടങ്ങിയാൽ
ചുങ്കങ്ങളില്ലാതെയായാൽ നമുക്കതു
സങ്കടമായിച്ചമയുംപതുക്കവെ
എങ്കിലവനെവരുത്തുവിനെന്നങ്ങു
കിങ്കരന്മാരെപ്പറഞ്ഞയച്ചീടിനാൻ
കിങ്കരന്മാരതുകേട്ടുനൃപാജ്ഞയെ
ശങ്കവെടിഞ്ഞുപറഞ്ഞാരവനോടു,
കാമപരവശനായധനദത്ത-
നായതുകേട്ടുവിഷാദേനചിന്തിച്ചു;
കാമിനിമാരിൽ മണിയാകുമെന്നുടെ
ഭാമിനിയോടുവിയോഗമെളുതല്ല,
നാമിനിക്കപ്പൽകരേറിത്തിരിക്കുമ്പോൾ—
താമരലോചനസ്വൈരംതുണായില്ല,
താമസവുംപുനരൊട്ടേറെയുണ്ടാകും
ഭൂമീപതിക്കിപ്പോളെന്തിതുതോന്നുവാൻ
എന്നിവചിന്തിച്ചുപിന്നെൻധനദത്തൻ
വന്നാരകമ്പടിക്കാരോടുകൂടവേ
ചെന്നുതിരുമുമ്പിൽവന്ദനവുംചെയ്തു
നിന്നുതുനേരത്തരുൾചെയ്തുമന്നവൻ;
"അങ്ങാടിവാണിഭമെല്ലാം തിയാക്കി
ചങ്ങാതിയെന്നിപ്പോളെല്ലാരുംചൊല്ലുന്നു
എങ്ങാനുമുള്ളൊരുപെണ്ണിനെക്കൊണ്ടന്ന-
ന്നങ്ങാതിരുന്നാൽമതിയോധനദത്ത!
കല്പനകേൾക്കമെന്നുണ്ടെങ്കിലിപ്പോഴേ
കപ്പലോട്ടത്തിന്നുകോപ്പുകൂട്ടീടുക

കെല്പോടുവേണ്ടുംചരക്കുകേററീടുക
ഇപ്പോളടങ്ങൊലാചെട്ടി! ധനദത്ത
ഭോഷ്ക്കുകളിച്ചിങ്ങിരുന്നാലതുകൊണ്ടു
ദൂഷണമായിച്ചമയുംപതുക്കവെ
യോഷാമണിയായചെട്ടിച്ചികാരണം
ശേഷിയില്ലാതെഭവിക്കൊലാനീവൃഥാ
ഇത്തരമന്നവൻതന്നുടെകല്പന-
ക്കുത്തരമില്ലെന്നുറച്ചു ധനദത്തൻ
സത്വരംകോപ്പുകൾകൂട്ടിപ്പുറപ്പെട്ടു
പത്തനംപുക്കവൻഭാമിനിതന്നോടു
യാത്രയുംചൊല്ലിക്കരഞ്ഞുവിരഞ്ഞെററ-
മാർത്തനായ്ക്കണ്ണുനീർവാർത്തുവാർത്തിങ്ങിനെ
പേർത്തുംപുണർന്നുതിരിച്ചാൻപണിപ്പെട്ടു
മോർത്തുംകളത്രത്തെപേർത്തുംവഴിതന്നിൽ
പാർത്തുംനയനാംബുവാർത്തുംതുണികൊണ്ടു
ഉർത്തുംമനക്കാമ്പുകൂർത്തുംമനോധൈര്യം
നേർത്തുംപരിതാപംചീർത്തുംഅവളുടെ
പേർത്തുംമുഖംപിന്നെപ്പാർത്തുംവിലാസങ്ങൾ
ധൂർത്തനാംകാമന്റെകൂർത്തശരംകൊണ്ടു
കൂർത്തുംപൊടാതന്നിലാർത്തുംനടകൊണ്ടാൻ
ഇങ്ങനെകപ്പൽകരേറിധനദത്തൻ
തിങ്ങിനശോകമോടുകടൽമാർഗ്ഗമേ
അങ്ങൊരുദിക്കിന്നുപററീട്ടുമെല്ലവേ
ചങ്ങാതിമാരുമായ്ചെന്നുവാണീടിനാൻ
മാടണിക്കൊങ്കയാളായവസുലക്ഷ്മി
മാടംകരേറിതനിക്കുള്ളതോഴിമാ-
രോടുമൊരുമിച്ചുകൂടിപ്പതുക്കവെ
ആടിക്കളിച്ചുസുഖിച്ചുവാഴുന്നനാൾ
ചോടുമെടുത്തൊരുകൂട്ടംഭടജനം
ഓടിനടക്കുന്നമോടികൾകണ്ടവൾ
വാടാതെചേടിയോടിങ്ങനെചൊല്ലിനാൾ
കണ്ടച്ചനെന്നൊരുനായരങ്ങാടിയിൽ
മണ്ടിനടക്കുന്നകണ്ടാലുമിന്നെടീ!
കണ്ടാലഴകുള്ളകണ്ടച്ചനെക്കണ്ടു
മണ്ടുന്നിതാന്തമത്തണ്ടാർശരന്താനും
കൊണ്ടാടിനീചെന്നുകൂട്ടിച്ചുമെല്ലവെ
കൊണ്ടുപോന്നാലുമടിക്കാതെഗൂഢമായ്
എന്നതുകേട്ടൊരുതോഴിപുറപ്പെട്ടു
ചെന്നങ്ങവൻചെവിതന്നിലറിയിച്ചു
സുന്ദരിയായുള്ളചെട്ടിച്ചിതന്നുടെ
മന്ദിരംതന്നിൽവരണമെന്നിങ്ങനെ
ചേടനാംകണ്ടച്ചനപ്പോളുരചെയ്തു
കൂടുകയില്ലിങ്ങുനേരമില്ലിന്നെടീ
ചോറിനിക്കില്ലാഞ്ഞുചോടെടുക്കുന്നുഞാൻ
പോടീപകിടകളൊന്നുംതുടങ്ങേണ്ട
കൂടാതെപോകയില്ലിന്നുഞാനെന്നവൾ
കൂടെഞാൻപോരികില്ലെന്നുകണ്ടച്ചനും
കൂടിയാട്ടംകറേയുണ്ടായിതങ്ങളിൽ
കൂടിത്തിരിച്ചുടൻകോതിയെന്നേവേണ്ടു
മാടംകരയേറിയപ്പെണ്ണിനെക്കണ്ടപ്പോ-
ളാടൽപിടിപെട്ടുകണ്ടച്ചനായർക്ക്
മേനികിടുകിടിന്നെന്നുവിറയ്ക്കുന്നു
മേനികേടായുള്ളഭാവംനടിക്കുന്നു
മാനിയാംകാമന്റെബാണംതറയ്ക്കുന്നു
മാനിനിതന്നിൽമനക്കാമ്പുറയ്ക്കുന്നു
പണ്ടിങ്ങനെയുള്ളതണ്ടാർമിഴികളെ
കണ്ടച്ചനാമവൻകണ്ടിട്ടുമില്ലഹോ!
തൊണ്ടിപ്പഴമൊത്തചുണ്ടുരണ്ടുംകണ്ടു
കൊണ്ടാടിമിണ്ടാതെനിൽക്കുന്നനേരത്തു
ധൃഷ്ടതയേറുംവസുലക്ഷ്മിയാമവൾ
യഷ്ടിയെപ്പാട്ടിൽപിടിച്ചങ്ങിരുത്തിനാൾ
തൊട്ടനേരത്തവൻഞെട്ടിത്തുടങ്ങിനാൻ
ചെട്ടിച്ചിയോടുമേകൂട്ടാക്കിയുമില്ല
എണ്ണയെടുത്തവൾതേപ്പിച്ചിതന്നേര-
മെണ്ണവഴിഞ്ഞവൻകണ്ണുകലിക്കുന്നു
എണ്ണയെന്നുള്ളതുകേട്ടിട്ടുമില്ലാത്ത
പെണ്ണൻകുളിപ്പാനൊളിച്ചുമണ്ടീടിനാൻ
വെക്കംകുളിച്ചുവരുമ്പോളിങ്ങായവൾ
പാൽകഞ്ഞിവച്ചുവിളമ്പീട്ടുപാർക്കുന്നു
പാല്ക്കഞ്ഞിയെല്ലാംവിരുണ്ണിരുന്നാശു
മൂക്കോളമങ്ങുചെലുത്തിത്തുടങ്ങിനാൻ
ഇങ്ങിനെവേണ്ടുന്നതെല്ലാമനുഭവി-
ച്ചങ്ങവനുംസുഖമോടുവാണീടിനാൻ
രണ്ടുമാസംകഴിഞ്ഞപ്പോളുടൻനല്ല
തണ്ടുതപ്പീടുന്നചെട്ടിയുംകപ്പലും
വേണ്ടുന്നപൊന്നുംപണവുമെടുപ്പിച്ചു
കൊണ്ടുവന്നുധനദത്തനാംകണ്ടകൻ
കണ്ടച്ചനപ്പോളൊളിച്ചുമണ്ടീടിനാൻ
തണ്ടാർമിഴിക്കുടുകുണ്ഠിതവുമായി
കണ്ടാവൂയെന്നോർത്തുവന്നൊരുചെട്ടിയെ
കണ്ടപ്പോളിണ്ടലുണ്ടായതുപെണ്ണിനു
വേണ്ടാതെയുള്ളചിരിയുംകളികളും
കണ്ടാലറിയാത്തമൂഢനോടൊന്നിച്ചു
രണ്ടുനാലെട്ടുദിവസംകഴിഞ്ഞന്നു
കണ്ടച്ചനേയുംവരുത്തിത്തുടങ്ങിനാൾ
കണ്ടജനങ്ങൾപറഞ്ഞുതുടങ്ങിയ-
ത്തണ്ടാർമിഴിയുടെധൂളിത്തമൊക്കെയും
കണ്ടുനടക്കുന്നകണ്ടച്ചനായരെ
കിട്ടിയതിൽപിന്നെനമ്മുടെചെട്ടിച്ചി
കെട്ടിയ ചട്ടിയെക്കൊട്ടിപ്പുറത്താക്കി
ദുഷ്ടത്തിയായുള്ളചെട്ടിച്ചിപ്പെണ്ണിനു
ചെട്ടിയാരെന്നതുംകേട്ടുകൂടാതെയായ്
കഷ്ടമെന്നിങ്ങനെമാലോകർചൊല്ലുന്നു
കേട്ടീലയെന്നവൾവച്ചിരുന്നീടിനാൾ
അക്കാലമങ്ങൊരുനാളിൽപതുക്കവേ
അർക്കൻമറഞ്ഞൊരുനേരത്തുകണ്ടച്ചൻ
ഉൾക്കൊണ്ടുചെട്ടിയുറങ്ങുന്നതുംപാർത്തു
തക്കത്തിലങ്ങൊരുകട്ടിലിരുന്നിതു

അപ്പോളവിടെയുണ്ടൊരുത്രയുംദുഷ്ടനായ്
കപ്പാൻനടക്കുന്നപോലൊരുമാനുഷൻ;
അപ്പുരമാൎഗ്ഗോപതിബോധിച്ചാശു
കല്പിച്ചുകിങ്കരന്മാരോടുകൊല്ലുവാൻ
കിങ്കരന്മാരതുകേട്ടുതിരഞ്ഞങ്ങു
ശങ്കകൂടാതെവനത്തിലകംപുക്കു
കണ്ടച്ഛനായരുണ്ടപ്പോളൊരേടത്തു
മിണ്ടാതെകണ്ടിതുചിന്തിച്ചിരിക്കുന്നു?
കൊള്ളാമിതുതന്നെകള്ളനെന്നോൎത്തവർ
വള്ളികൾകൊണ്ടങ്ങവനെയുംകെട്ടിനാർ
ചിക്കന്നുതള്ളിക്കൊണ്ടുച്ചത്തിലാൎത്തുടൻ
പൊക്കത്തിലുള്ളമരത്തിന്റെകൊമ്പത്തു
തൂക്കിയക്കിങ്കരന്മാരുംനടകൊണ്ടാർ;
അന്നേരമച്ചെട്ടിനായരുറങ്ങുമ്പോൾ
വന്നാൾവത്സലക്ഷ്മികണ്ടതിനെപ്പുല്കുവാൻ
അങ്ങവനപ്പോൾമരത്തിന്റെകൊമ്പത്തു
തൂങ്ങിക്കിടക്കുന്നകണ്ടവൾദുഃഖിച്ചു
പററിപ്പിടിച്ചുമരക്കൊമ്പിലേറീട്ടു
തെറെറാന്നുകെട്ടഴിച്ചങ്ങിറക്കീട്ടുടൻ
കെട്ടിപ്പിടിച്ചുകരഞ്ഞുകൊണ്ടശ്രുവം
കെട്ടിപ്പുണൎന്നുകിടക്കുന്നനേരത്തു
വേതാളമെന്നൊരുദേവതവന്നുടൻ
പ്രേതത്തിനുള്ളിൽമനുഷ്യനായ്തുള്ളിനാൻ;
പുക്കൊരുവേതാളമപ്പോഴപ്പെണ്ണിന്റെ
മൂക്കുംകടിച്ചങ്ങുചാടിത്തിരിച്ചുടൻ
ഒക്കെയുംകണ്ടുമിണ്ടാതെനിൽക്കുന്നൊരു
ധിക്കാരിയാംകള്ളനേതുമിളകീല
ആരുമറിയാതെകെട്ടിയചെട്ടിതൻ
ചാരത്തുചെന്നവൾചോരയുംതൂകിനാൾ
ദുഷ്ടനാംചെട്ടിയെൻമൂക്കുകടിച്ചെന്നു
കഷ്ടമയ്യോചെന്നുവാവിട്ടലറിനാൾ,
ചെട്ടിയുംഞെട്ടിയുണൎന്നിരുന്നീടിനാൻ
കഷ്ടമിതെന്തൊരുവിസ്മയമിങ്ങിനെ?
കേട്ടവർകേട്ടവരോടിവന്നെന്തൊരു
കഷ്ടമെന്നിങ്ങനെചെട്ടിയെക്കെട്ടിനാർ;
കെട്ടിയകെട്ടിയോനായയച്ചെട്ടിക്കു
കെട്ടിയപെണ്ണിന്റെമൂക്കുകടിക്കാമോ?
വെട്ടംതുടങ്ങിയനേരത്തുകോയിക്കൽ
നാട്ടിലുള്ളോർകളൊക്കെസ്സത്രപിച്ചു
കൂട്ടംതുടങ്ങിയചെട്ടിയെവെട്ടണം
കെട്ടിയപെണ്ണിന്റെമൂക്കുകടിച്ചില്ലേ?
പീഡികകത്തിക്കവന്നീടവേണമെ
കൂടിയലോകരുംരാജാവുമിങ്ങനെ
കൂടിവിചാരിച്ചിരിക്കുന്നനേരത്തു
കൂടിപുരക്കാരംപിന്നെയുംപിന്നെയും
കാട്ടുകാർമറ്റുനാട്ടുകാർവീട്ടുകാർവാടകൾ-
(കോട്ടുകളെല്ലാം
നാടകമിതുനല്ലൊരുവിസ്മയമിങ്ങനെകണ്ടോ-
(രുനേരം

പാടേയിളകിനടന്നുനടന്നങ്ങുനിറഞ്ഞുതു-
(ടങ്ങി
ശൌൎയ്യമതേറിനനായന്മാരുടെമീശവിറച്ചുതു-
(ടങ്ങി
കാൎയ്യമിതൊക്കെയുമിവിടെവരുത്തണമെന്നമു
(റച്ചുതുടങ്ങി
നാരികളുടെമൂക്കുകടിക്കുംഭോഷന്മാരുടെനേരെ
ആരുമിളക്കാഞ്ഞാലെന്തിനിമേലിൽവരാത്ത-
(തുപാൎത്താൽ
എത്രയുമൊരുകലിയുഗകാലമിതിങ്ങനെനിന്ദ-
(മുഴുത്തി-
ട്ടിത്രചപലതയാകിനഗോഷ്ടികൾകാട്ടുകചി-
(തമെന്നാമോ?
ഇത്രരസംനാരികൾതന്നുടെമൂക്കിനുണ്ടാക-
(ഷ്ടം
ഇത്രയുമല്ലിനിമേൽതമ്മിൽകൊന്നിഹതിന്നു
(തുടങ്ങും
അച്ചികളിനിയാതൊരുപുരുഷന്മാരൊടിണ-
(ങ്ങുകയില്ല
കച്ചകൾപുടവാദികൾവേണ്ടതുകൊണ്ടുകൊടു-
(ത്തെന്നാലും
ഇച്ചതിപെടകാട്ടുംകൂട്ടമിതെന്നവർകരുതിക്കൊ
(ള്ളും
നിച്ചരിയച്ചെട്ടിപിണച്ചൊരുദൂഷണമെല്ലുത-
(ല്ലേതും
നമ്മുടെധനദത്തച്ചെട്ടിക്കിങ്ങിനെമൂക്കുകടി-
(പ്പാൻ
ദുൎമ്മദമൊട്ടുംബുദ്ധിപകൎച്ചഭവിപ്പതിനെന്ത-
(വകാശം?
പൊൻമണിവത്സലക്ഷ്മിനിമിത്തമനേകമന-
(ൎത്ഥമടുത്തു
സ്വത്തുകളൊക്കെനശിപ്പതിനുള്ളൊരുപെരുവ-
(ഴികൂടി;
അങ്ങിനെവരുമിങ്ങിനെപലരുംപലവിധമ-
(ങ്ങറിയിച്ചാർ
ഇങ്ങൊരുപിഴയില്ലെന്നുധനദത്തനുമങ്ങുര-
(ചെയ്തു;
അച്ചികളായതുകൊണ്ടുപറഞ്ഞുതുടങ്ങി
ഇച്ചതിവൃകൾകേൾക്കണമംഗനമാരേ!
ഇങ്ങിനെചിലപാപികൾചെയ്തുതുടൎന്നാൽ
ഇങ്ങുപൊറുതിയൊരുവകയില്ലാതെയുമാം
പെണ്ണിനുപലദൂഷണമുണ്ടെന്നാലും
പൊണ്ണനവളുടെമൂക്കുകടിച്ചീടാമോ?
ഇഷ്ടമില്ലെഞ്ഞാലവളെവേണ്ടായെന്നുമൊഴി-
ദുഷ്ടതകാട്ടീടരുതെന്നറിയരുതോ (ക്കാം
നമ്മുടെനായകനീവകയില്ലാ
നമ്മൊടുകോപിച്ചുകലങ്ങിടട്ടും
പുരമുറിയതിലുറിയാടാതെകിടക്കും
വിരവിലിനിക്കിട്ടൊന്നങ്ങുകിടയ്ക്കും

കൊച്ചിനെവന്നാശുപിടിച്ചുപറിക്കും
കച്ചകൾപുടവാദികൾചുട്ടുകരിക്കും
അല്ലാതെവനങ്ങുതോന്നുകയില്ല
വല്ലാതൊരുദുരിതമിതിങ്ങിനെവരുമോ?
മല്ലാക്ഷികളിങ്ങനെപലരുംകൂടി
ചൊല്ലുന്നൊരുഘോഷവുമങ്ങൊരുദിക്കിൽ
അന്തണരതുകേട്ടുപറഞ്ഞുതുടങ്ങി
സന്തതമതുപാടിനടന്നുതുടങ്ങി
ഇങ്ങിനെയെല്ലാംപ്രജകളുംരാജാവു-
മങ്ങുവിചാരിച്ചുനില്ക്കുന്ന നേരം
ഉണ്ടായവൃത്താന്തമൊക്കെയുമാക്കള്ളൻ
വന്നുപതുക്കവെനന്നായുണർത്തിച്ചു
കള്ളമില്ലേതുമേനമ്മുടെചെട്ടിക്കു
കള്ളമെല്ലാംവസുലക്ഷ്മിക്കിരിക്കുന്നു
ഉള്ളവൃത്താന്തങ്ങളെല്ലാമടിയൻറ
ഉള്ളിലുണ്ടാരുമറിയാസ്സൂയുംവേണ്ട
തമ്പുരാൻതന്നുടെഭൃത്യജനങ്ങളിൽ
മുമ്പരായുള്ളോരകമ്പടിക്കാർവന്നു
കൊന്നാരടിയനെന്നോർത്തുകൊണ്ടിന്നലെ
മന്നനായുള്ളോരുകണ്ടച്ചനായരെ
കൊന്നുമരംതന്നിലേററിത്തിരിച്ചിങ്ങു
പോന്നുഭടന്മാർകുറഞ്ഞൊന്നുചെന്നപ്പോൾ
മന്ദമവിടെയിയ്യാളുടെഭാര്യയും
വന്നുമരംതന്നിലേറിയപ്രേതത്തെ
ഖിന്നതയോടെയിറക്കിവെച്ചൻപോട
നന്നായ്പുണർന്നുഖേദിക്കുന്നനേരത്തു
വേതാളമെന്നുള്ളദേവതവന്നുടൻ
പ്രേതത്തിനുള്ളിൽകടന്നുതുള്ളുംവിധൗ
കെട്ടിപ്പിടിച്ചുകരഞ്ഞുചുംബിച്ചിത-
ച്ചെട്ടിച്ചിയത്യന്തസന്താപമോടുടൻ
പുക്കൊരുവേതാളമപ്പോളവളുടെ
മൂക്കുകടിച്ചുപരമാർത്ഥമിങ്ങനെ
കണ്ടുഞാനേററംസമീപത്തൊരേടത്തു
മിണ്ടാതെപേടിച്ചൊളിച്ചിരുന്നീടിനേൻ
നോക്കിയെന്നാകിലോകാണാമവൻവായിൽ
മൂക്കിരിക്കുന്നതുഭോഷ്ക്കല്ലിതൊന്നുമേ!
ഇത്തരംകള്ളൻറവാക്കുകേട്ടപ്പോഴ-
ച്ചത്തശവത്തെയുംകൊണ്ടന്നുനോക്കിനാർ
ചുണ്ടുരണ്ടുംവിളർത്തങ്ങുനോക്കുംവിധൗ
കണ്ടുവസുലക്ഷ്മിതന്നുടെമൂക്കതിൽ
ഉത്തമനാകുംമഹീപതിവീരനും
ചെട്ടിക്കുവേണ്ടതുനൽകിവിട്ടീടിനാൻ
ദുഷ്ടത്തിയായുള്ളചെട്ടിച്ചിപ്പെണ്ണിനെ
തച്ചുപൊടിച്ചങ്ങുനാടുകടത്തിനാർ
ഇങ്ങിനെയുണ്ടായിപണ്ടോരവസ്ഥയെ-
ന്നങ്ങൊരുകേൾവിയുണ്ടായൊരുകാരണം
അംഗനമാർക്കതിദുഷ്ടതയെത്രയു-
മെങ്ങുമൊരേടത്തുവിശ്വസിപ്പാൻമേലാ
ഉത്താനപാദൻറവൃത്താന്തമിങ്ങിനെ

പത്തനംതോറുംപറഞ്ഞുമേവുംവിധൗ
ഉത്താനപാദനാംഭൂപാലനുംതൻറ
ചിത്തത്തിനൊത്തസുരുചിയാംഭാര്യയും
ഉത്തമനെന്നുപേരായുള്ളപുത്രനും
സത്തുക്കളായുള്ളവിപ്രേശ്വരന്മാരും
ഒത്തുസുഖിച്ചുഹിതാഹിതംചിന്തിച്ചു
മുത്തുരത്നക്കുടച്ചുററുംവിളങ്ങിടു-
മാസ്ഥാനമണ്ഡപംതന്നിലൊരുദിനം
സ്വസ്ഥതയോടെവസിക്കുന്നനേരത്തു
ചെന്നാനവിടെധ്രുവനെന്നുപേരായ
നന്ദനൻതാനേകളിച്ചുചിരിച്ചുടൻ
മന്നവൻതൻറമടിയിൽക്കരയേറി
മന്ദമാമോദമോടങ്ങിരുന്നീടിനാൻ
തണ്ടാർമിഴിയാംസുരുചിയപ്പോളതു
കണ്ടുകയർത്തുപറഞ്ഞുതുടങ്ങിനാൾ
വേണ്ടാകുമാരക!തായാട്ടുകാട്ടിയാൽ
കൊണ്ടുപോമെന്നുടെതല്ലെന്നറികനീ
കണ്ടകഞ്ഞുങ്ങൾക്കുവന്നുകരേറുവാ-
നുണ്ടാക്കിവച്ചോരുമൺകോലമല്ലെടോ
പണ്ടാരമായുള്ളസിംഹാസനങ്ങളിൽ
പണ്ടാരുമേവന്നുകേറുമാറില്ലപോൽ
ചെണ്ടകൊട്ടിപ്പാൻവിരുതുള്ളവർചൊല്ലു
കൊണ്ടല്ലയോവന്നുകേറിനീബാലക!
കണ്ടാൽപ്പറവാൻമടിയില്ലിനിക്കതി-
ന്നിണ്ടലുണ്ടായാൽതരിമ്പുംഫലമില്ല
വേണ്ടാത്തകാട്ടുന്നകള്ളക്കുഴിയനെ
കൊണ്ടുപോയ്നാടപ്പുറംകടത്തീടുവാൻ
പണ്ടാരമാംമുതൽതിന്നുമുടിക്കുന്ന
ചണ്ടികൾക്കൊട്ടുംമിടുക്കുമില്ലാതെയായ്
ആണുങ്ങളുണ്ടെങ്കിലിപ്പോൾമടിക്കാതെ
പ്രാണൻകളഞ്ഞീടുമിക്കുഞ്ഞുതന്നുടെ
നാണംകെടുത്തയപ്പാനിങ്ങൊരുത്തനെ
കാണേണ്ടിരുന്നതിരുമുമ്പിലഞ്ജസാ
ഊട്ടുപുരയിലങ്ങൂട്ടുകംവിധൗ
ഒട്ടല്ലകമ്പടിക്കാരുടെസംഭ്രമം
കൂട്ടുവാൻപോരാഞ്ഞുശപിച്ചുനമ്മുടെ
പട്ടരെദൂഷണംചൊല്ലുന്നജ്യോത്സ്യർകൾ
അഷ്ടിയെന്നല്ലാതെമറെറാരുസംസാര-
മിഷ്ടമില്ലാതെയായ്കഷ്ടമിതെത്രയും
നാട്ടിലുണ്ടാകുന്നനർത്ഥങ്ങളൊന്നുമേ
കേട്ടാലതുകൊണ്ടുകോട്ടമില്ലാതെയായ്
എന്തൊരുകഷ്ടമിബാലനെത്താഡിച്ചു
ചന്തംകെടുപ്പാനൊരുത്തനുംകെല്പില്ല
താന്തോന്നിയായിത്തുടങ്ങുന്നിവനോടു
മെന്തെന്നുചോദിപ്പാൻരാജാവുമാളല്ല
മാനിനിയായുള്ളഞാനിനിപ്പാരാതെ
ഹീനനാംബാലനെരക്ഷിക്കയുംചെയ്യും
അനുകൂല്യംനൃപനില്ലെങ്കിലുംമമ
മാനഭംഗംസഹിക്കെന്നുവരികില്ല

മന്നവൻതന്റെമടിയിൽമടിക്കാതെ
വന്നുകരേറുവാനെന്തെടാസംഗതി
നിന്നുടെതള്ളയുംനീയുംവരുന്നാകി-
ലിന്നുതന്നെപുറത്താട്ടിയിറക്കുവൻ!
ദുർഭഗേതന്റെവയററിൽപിറന്നുള്ളൊ-
രർഭകനാകിയനിന്നുടെയോരോരോ
സൽഭാവമിങ്ങിനെകാൺകയാലെനുള്ളി-
ലുത്ഭവിച്ചീടുന്നുകോപമെന്നോർക്കനീ!
അച്ഛനെത്തന്നെയുംകൂട്ടാക്കയില്ലഞാൻ
കൊച്ചുകമാരനെന്നോർക്കയുമില്ലനീ
അച്ഛൻമടിയിൽനിന്നങ്ങിറങ്ങീടായ്കി-
ലച്ഛനാണിന്നുഞാൻതച്ചിറക്കീടുവൻ!
ഇത്തരമോരോരുക്ഷവാക്കുരച്ചുടൻ
ക്രുദ്ധയായുള്ളസുരുചിയെഴുന്നീററു
സത്വരംബാലനെത്താഡിച്ചിറക്കിനാ-
ളുത്തരംചൊൽവാൻനൃപനുമെളുതല്ലാ
അത്തൊഴിൽകണ്ടൊരുനേരംപതുക്കവേ
സത്തുക്കളെല്ലാംവിഷാദിച്ചുമറിനാർ
ഉത്താനപാദനുമന്നേരമുള്ളത്തി-
ലത്തൽമുഴുത്തുവിയർത്തുദേഹവും
ചിത്തേവെറുത്താൽഫലമെന്തവളില-
ങ്ങത്യന്തമായുള്ളകാംക്ഷയിരിക്കവേ
അന്നേരമേററംവിഷണ്ണനാകുംധ്രുവൻ
ഖിന്നതയോടേകരഞ്ഞുവിരഞ്ഞുപോയ്
തന്നുടെപെററമാതാവാംസുനീതിതൻ
മുന്നിലാബാലകൻവീണുകേണീടിനാൻ
എന്നുണ്ണിയെന്തിനുവീണുകേണീടുന്നു
എന്നോടവസ്ഥകളെല്ലാംപറകനീ
നിന്നുള്ളിലീവണ്ണമുണ്ടായശോകത്തി-
നിന്നെന്തുബന്ധംചിരവോടുരചെയ്ക
കണ്ണുനീരയ്യോപൊഴിക്കുന്നതെന്തുനീ!
മണ്ണിൽവീണിങ്ങനെകേഴുന്നതെന്തഹോ
ഉണ്ണീമകനേ!വിഷാദംകളകനീ
ദണ്ഡമെന്തെന്നതുമെന്നോടുകേൾപ്പിക്ക
ഈവണ്ണമമ്മതൻവാക്കുകൾകേട്ടവ-
നീവാർത്തയെല്ലാമറിയിച്ചുമെല്ലവേ

ജനകന്റെമടിയിൽചെന്നിരിപ്പാൻ ഞാൻതുടർന്നപ്പോൾ
ജനനിയാംസുരുചിവന്നരികേയേകംകോപമോടെ
മനുജർക്കു സഹിയാത്തവചനങ്ങ ളുരചെയ്തു
കനിവില്ലായ്കകൊണ്ടെന്നെമടിയിൽനിന്നിറക്കിച്ചു
മടിയിങ്കൽകരേറുവാനവിടെപുത്രനേയാവൂ
മിടുക്കില്ലത്തിനിക്കിപ്പോളതുപോലെന്നവന്നും
ഉടയവരിനിക്കില്ലനൃപനെന്റെതാതനല്ല
പിടിപാടുനമുക്കില്ലാതായിവന്നിതുകാലം
മടികൂടാതിനിക്കിട്ടൊന്നടിച്ചാളിളയമ്മ
പിടിച്ചങ്ങുപുറംതള്ളിവരുത്തികററവും പിന്നെ
കടക്കണ്ണുംചുകത്തീട്ടുപറഞ്ഞവാക്കുകൾകേട്ടാൽ
നടുങ്ങിപ്പോമകതാരിൽകനിവുള്ളജനമെല്ലാം
ജനകനിത്തൊഴിൽകണ്ടിട്ടേതുമൊന്നുംപറഞ്ഞില്ലാ
ജനകനുമതുതന്നെപക്ഷമെന്നവസ്ഥവന്നു
ജനത്തിനുംധനത്തിനുംകാട്ടിനുംനാട്ടിനുംപിന്നെ
ഗൃഹത്തിനുംബന്ധമില്ലാനമുക്കെന്നുവന്നുകൂടി
ഇവയെല്ലാംപറഞ്ഞിട്ടുനമുക്കെന്തുഫലമിപ്പോൾ
ഭുവനത്തിലിരുന്നിട്ടുപൊറുപ്പാനുമെളുതല്ല
സുതനുടെവചനങ്ങൾകേട്ടനേരംസുനീതിയും
സുതനോടങ്ങുരചെയ്തുപരിതാപംശമിപ്പിപ്പാൻ
മകനേനിന്നോടുമുന്നംപറഞ്ഞില്ലേഞാനുമെല്ലാം
പകയുള്ളജനത്തോടുകൂടിവാണാൽസുഖമില്ല
വകയില്ലാതിരിക്കുന്നുദൂഷണങ്ങളുളവാക്കാൻ
പകൽപോരാപറവാനിന്നിവരുടെകൈതവങ്ങൾ
സകലനാഥനാംവിഷ്ണുഭഗവാനേപരിചോടു
അകതാരിലുറപ്പിച്ചുകൊൾകബാലമടിക്കാതെ
അകലുഷമായനല്ലവനംതേടിഗ്ഗിച്ചാലും
അകലുംനിന്നുടെശോകംസുഖവുംമേലിലുണ്ടാകും
ജനനിതന്നുടെവാക്കുകനിവോടേകേട്ടനേരം
മനക്കാമ്പുകുളുത്തുള്ളുപുറപ്പെട്ടുധ്രുവന്താനും
ഘനമായവനംപുക്കുനടന്നാനന്തരംഗത്തിൽ
ദനുജനാശൻതന്റെചരിതങ്ങളുരചെയ്തു
മനസാകർമ്മണാവാചാനിനച്ചുവന്ദനംചെയ്തു
കനിവോടേതിരുനാമമുരചെയ്തുനടക്കുമ്പോൾ
മുനികളുംബഹുമാനിച്ചനുസരിച്ചീടുകുന്നു
കനികളുംഫലമൂലമെന്നിതെല്ലാംകൊടുക്കുന്നു
വിനയമാദിയായുള്ളഗുണംകണ്ടുവിസ്മയംപൂ
ണ്ടനവധിമോദമോടെധ്രുവൻതന്നെസ്തുതിക്കുന്നു
ഭവനത്തെവെടിഞ്ഞാശുഭുവനത്തെനിനയാതെ
ഭുവനത്തിൽ വസിക്കുന്നോർക്കവനത്തെവരുത്തുന്നോ-
രവനെത്തന്നെചിന്തിച്ചിട്ടാവനത്തിൽനടന്നാനേ
ദിവസത്തെക്കഴിക്കുന്നുസ്വവനത്തിൽ ചരിക്കുന്നു
മരത്തിന്റെനിഴൽതോറും തരംനോക്കീട്ടിരിക്കുന്നു

കരുമ്പാറപ്പുറമേറിച്ചരിഞ്ഞങ്ങുകിടക്കുന്ന
തരിമ്പുംപേടികൂടാതെത്തപ്പകല്പംകഴിക്കുന്ന
വെള്ളക്കമ്പോളെഴുന്നേറ്റുതെളിഞ്ഞുള്ളനദി-
(ത്തന്നിൽ
കളിച്ചുകൊണ്ടവനൊട്ടുമിളകാതെനടക്കുന്ന
മലകടെഗുഹകളിൽപുലികടെരവംകേട്ടാൽ
കലുക്കമില്ലകതാരിലലഞ്ഞാതെനടക്കുന്ന
അതുകാലമൊരുനാളിലതുലമായൊരുകാന്തി
മതിതന്റെപ്രഭപോലെവിദിതമംബരാന്ത-
(ന്നിൽ
അതിയായിവിളങ്ങുന്നതരചനന്ദനൻകണ്ടു
ശാരദചന്ദ്രനുദിച്ചുപൊങ്ങുന്നിതോ?
ക്ഷീരാബ്ധിതാനേയുയൻകാണുന്നിതോ
ഐരാവതംവന്നിറങ്ങിത്തുടന്നിതോ
ഹാരങ്ങൾകോരിച്ചൊരിഞ്ഞുതുടങ്ങിതോ
ചാരുഗംഗാജലംതാനേവരുന്നിതോ
താരങ്ങളെല്ലാംപൊഴിഞ്ഞുകാണുന്നിതോ
വീരനാംബാലനീവണ്ണംനിരൂപിച്ചു
ദൂരവേമേല്പോട്ടുനോക്കിനിൽക്കുംവിധൌ
ചാരത്തുകാണായിവീണയുംകൈക്കൊണ്ടു
നാരദമാമുനിമെല്ലെവരുന്നതു;
ശ്രീരാമഗോവിന്ദ!ഗോപാല!വൈകുണ്ഠ
നാരായണ കൃഷ്ണ വിഷ്ണോമുരാന്തക
കാരുണ്യവാരിധേ!ശൌരേജനാർദ്ദന
ക്ഷീരാബ്ധിശായിൻഹൃഷീകേശകേശവ
സീതാപതേ സത്യഭാമാപതേ ഹരേ
പീതാംബരാനന്ദലക്ഷ്മീപതേവിഭോ
രാധാപതേ മാധവാംഭോജലോചന
സാധാരണാശ്രിതശ്രീമൻനമോസ്തുതേ
ഇത്തരംനല്ലതിരുനാമമെപ്പൊഴും
ഭക്തിയോടെവീണകൊണ്ടുഘോഷിക്കയും
ചിത്തംതെളിഞ്ഞങ്ങുമൂന്നുലോകത്തിലും
നിത്യംനടന്നുദിവസംകഴിക്കയും
അമ്മുനിപുംഗവൻകണ്ടജനങ്ങളെ
തമ്മിൽപിണക്കിച്ചമച്ചുരസിക്കയും
കണ്ടീലകേട്ടീലയെന്നുനടിക്കയും
കണ്ടവരെക്കൊണ്ടുചെണ്ടകൊട്ടിക്കയും
കൺമുനകാട്ടിക്കലഹമുണ്ടാക്കയും
നന്മയിലേഷണിക്കൂട്ടിനടക്കയും
യുദ്ധമുള്ളേടംതിരഞ്ഞുനടക്കയും
ക്രുദ്ധിപ്പതിന്നുപായങ്ങൾനിനക്കയും
ബുദ്ധിമുട്ടുമ്പോൾപ്രസാദിച്ചുനല്ലൊരു
ശുദ്ധമാർഗ്ഗംനരന്മാർക്കുകൊടുക്കയും
ഇങ്ങിനെകാലംകഴിക്കുന്നനാരദൻ
തിങ്ങിനമോദമോടങ്ങെഴുന്നള്ളിനാൻ
ധന്യനായൊരുധ്രുവനെന്നബാലന്റെ
മുന്നിൽനിന്നേവമരുളിത്തുടങ്ങിനാൻ
എന്തെടോ ബാലകാഘോരമായുള്ളൊരു
കാന്താരമണ്ഡലംതന്നിൽനടക്കുന്നു?

ബന്ധുക്കളാരുംനിനക്കില്ലയോഹന്ത
സന്താപകാരണംചൊല്ലുകമെല്ലവേ
ദന്തിശാർദ്ദൂലങ്ങളന്തികേകാൺകയാ-
ലന്തരംഗേഭയമില്ലയോചൊല്ലുനീ?
നിൻതാതനാരെടോ?നിൻതായുമാരെടോ?
സന്തോഷമോടതുംചൊല്ലുകമെല്ലവേ
കുന്നുംമലകളുംകാടുംകുഴികളും
കൊന്നുതിന്നീടുംമൃഗങ്ങൾസർപ്പങ്ങളും
കുന്നിച്ചുകൂടുന്നകാടുകൾപ്പൂണ്ടുനീ
കണ്ടറിഞ്ഞിട്ടുമില്ലല്ലോ കുമാരക!
എന്നതുകേട്ടൊരുനേരംധ്രുവൻമെല്ലെ
വന്ദിച്ചു മാമുനിതന്നോടുണർത്തിച്ചു
ഉത്താനപാദന്റെപുത്രനാകുന്നുഞാ-
നുത്തമകീർത്തേ!ധ്രുവനെന്നുനാമവും
ഉത്തമിയാകുംസുനീതിയെൻമാതാവ്
സത്യമെല്ലാമുണർത്തിക്കാംമഹാമുനേ!
നിത്യംസുരുചിമാതാവിന്നടിയന്റെ
വൃത്തികൾചേർച്ചയല്ലെന്നുവരികയാൽ
ഉത്താനപാദനാമച്ഛനുസങ്കടം
ചിത്തത്തിലുണ്ടാകരുതെന്നുകല്പിച്ചു
നാടുംനഗരവുമെല്ലാമുപേക്ഷിച്ചു
കാട്ടുവാഴുന്നുഞാനിങ്ങനെസംഗതി
കൈടഭവൈരിതൻകാരുണ്യമുണ്ടെങ്കി-
ലാടലില്ലേതുമേകാടുംനഗരമാം
ഇത്തരംബാലന്റെവാക്കുകൾകേട്ടതി-
നുത്തരംനാരദൻസാരമരുൾചെയ്തു
സത്വരംനാരായണന്റെപാദാംബുജം
ചിത്തേയുറപ്പിച്ചുകൊൾകനീബാലക
അത്തൽനീങ്ങീടുവാനിത്രനന്നായിട്ടു
വസ്തുമറ്റൊന്നില്ലതെന്നുബോധിക്കനീ
ലോകനാഥൻപരൻലോകൈകകാരണൻ
ലോകരക്ഷയ്ക്കു,വൻദീക്ഷിച്ചിരിക്കുന്നു
ആകുലന്മാരുടെശോകമകറ്റുവാൻ
ആകവേമാധവൻതന്റെചരിത്രങ്ങൾ
മീനായ്പിറന്നുഹയഗ്രീവനാകിയ
ദാനവപ്രൌഢനെപ്പണ്ടുവധിച്ചതും
താനൊരുകൂർമ്മരൂപത്തെധരിച്ചുടൻ
താണൊരുമന്ദരംപൊക്കിയെടുത്തതും
ഘോരനായുള്ളഹിരണ്യാക്ഷനെപ്പുരാ-
വാരാഹരൂപേണചെന്നുടൻകൊന്നതും
വീരനായുള്ളഹിരണ്യകശിപുവെ
നരസിംഹാകൃതിപൂണ്ടുപിളർന്നതും
വാമനനായിമഹാബലിതന്നോടു
ഭൂമിയെല്ലാമേയളന്നുമേടിച്ചതും
മിത്രവംശേരാമചന്ദ്രനായിപ്പുരാ
രാത്രിഞ്ചരേന്ദ്രന്റെകണ്ഠംമുറിച്ചതും
വൃഷ്ണിവംശേബലഭദ്രനാകുന്നതും
കൃഷ്ണനാകുന്നതുംഖഡ്ഗിയാകുന്നതും
മന്വന്തരങ്ങളിലിങ്ങനെരൂപങ്ങൾ

പിന്നെയുംപിന്നെയുംനിൎവ്വഹിക്കുന്നതും
സന്യാസിമാൎക്കുമോക്ഷംകൊടുക്കുന്നതും
ധന്യജനങ്ങൾക്കുപുഷ്ടിനൽകുന്നതും
ശത്രുകുലങ്ങളെസംഹരിക്കുന്നതും
ഇത്രിലോകങ്ങളെക്കാത്തുകൊള്ളുന്നതും
സത്രാശനന്മാൎക്കുനായകനായതും
സത്രങ്ങടെഫലദായകനായതും
സ്ഥാവരമായതുംജംഗമമായതും
കേവലംവിഷ്ണുതാനെന്നുബോധിക്കനീ
ഈവണ്ണമുള്ളത്രിലോകത്തുകൊണ്ടാലിനി
ഈവകദുഃഖങ്ങളുണ്ടാകയില്ലെടോ!
ഈരേഴുലകെന്നുപേരായദാരുവിൻ
നാരായവേരായനാരായണസ്വാമി
ആരായദേവനിതെന്നാരസ്കന്ധമൂലമി-
പ്പാരായവങ്കടൽപോരായദുഃഖത്തി-
ലോരായരക്കൊടിപോരാമനുഷ്യരു-
മോരോരോവിധങ്ങളിൽവീണുദുഃഖിക്കുന്നു
മാനുഷന്മാരുടെമോഹങ്ങളോരോന്ന
ഞാനുരചെയ്യുന്നുകേൾക്കനീബാലക
കിട്ടുംപണമെങ്കിലിപ്പോൾമനുഷ്യൎക്കു
ദുഷ്ടതകാട്ടുവാനൊട്ടുംമടിയില്ല
കിട്ടിയതൊന്നുംമതിയല്ലപിന്നെയും
കിട്ടിയാലുംമതിയല്ലദുരാഗ്രഹം
രണ്ടുപണംകിട്ടുമെന്നുകേട്ടാലവർ
മണ്ടുംപതിനെട്ടുകാതമെന്നാകിലും
കിട്ടിയാലപ്പോഴേകണ്ടപെണ്ണുങ്ങൾക്കു
കൊണ്ടുപോയിക്കൊടുപ്പാനുംമടിയില്ല
ഭോജനത്തിന്നുംശയനത്തിനുംപിന്നെ
രാജസേവയ്ക്കും ദുരാഗ്രഹംലോകൎക്കു
രാജാവിനെച്ചെന്നുസേവിച്ചുനില്ക്കയും
വ്യാജംപറഞ്ഞുപലരെച്ചതിക്കയും
കൈക്കൂലിമെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരന്മാൎക്കില്ലവാഞ്ഛിതം
മൂക്കിൽവിരൽതള്ളിനില്ക്കുന്നവരെയും
നോക്കുവാൻപോലുമവസരമില്ലപോൽ
എത്രയുംദുഃഖമാംരാജസേവാദിക-
ളെത്രജനങ്ങളതിന്നുതുനിയുന്നു
ശ്ലോകങ്ങളുണ്ടാക്കിയാലിന്നുനമ്മുടെ
ശോകങ്ങൾതീരുമെന്നെല്ലാംനിരൂപിച്ചു
ശ്ലോകംചമച്ചുംപദങ്ങളുംനിൎമ്മിക്കു-
മേകൻദുരാഗ്രഹംകൊണ്ടതുചെയ്യുന്നു
പട്ടുകിട്ടുമ്പൊഴുംസന്തോഷമില്ലവ-
നൊട്ടുംപണംകൂടെമുമ്പിനിനക്കയാൽ
വീരവാളിച്ചേലകിട്ടിയെന്നാകിലോ
പോരാതരിവളകിട്ടുവാനാഗ്രഹം
പാരിലെജ്ജനംദ്രവ്യമുണ്ടാക്കുവാൻ
ഓരോരോവിദ്യകൾകാട്ടുന്നുസന്തതം
ആട്ടംപഠിക്കുന്നുചാട്ടംപഠിക്കുന്നു
കൊട്ടുപഠിക്കുന്നുപാട്ടുസാധിക്കുന്നു
മുട്ടാതെകച്ചകെട്ടുന്നുചിലർനിന്നു
വെട്ടുംതടയുംവടിയുംപയറ്റുന്നു
വായനകൊണ്ടുഫലിപ്പൂവിക്കാലമെ-
ന്നായതിനുംചിലരുണ്ണുംപിടിക്കുന്നു
ആയമംവേണമെന്നാൽപണംകിട്ടുമെ-
ന്നായുധവിദ്യയ്ക്കൊരുവൻതുനിയുന്നു
വിദ്യകൾമറ്റുള്ളതെല്ലാംവൃഥാതന്നെ
വൈദ്യംപഠിക്കണംദ്രവ്യമുണ്ടാകുവാൻ
കാരസ്കരമല്ലാതംഗുൽഗുലുതിക്തകം
ചേരുന്നനെയ്കളുമെണ്ണപൊടികളും
സാരമായുള്ളഗുളികയുംകൊണ്ടുചെ-
ന്നോരോവിധംപണംകൈക്കലാക്കീടുന്നു
മന്ത്രവാദംപഠിക്കുന്നുചിലർപിന്നെ
മന്ത്രങ്ങളോരോന്നെഴുതിക്കൊടുക്കുന്നു
മന്ത്രികളോടുമരചരോടുംചെന്നു
മന്ത്രിച്ചുപട്ടുംവളയുംപറിക്കുന്നു
ജ്യോതിഷശാസ്ത്രംപഠിച്ചവർമിക്കതും
പാതിരാജ്യംകൈക്കലാക്കാൻതടവില്ല
ജാതകംനോക്കീട്ടവർപറഞ്ഞീടുന്ന
കൈതവംകേട്ടാൽകൊടുക്കുംപലവസ്തു
ജ്യോതിഷക്കാരനുംമന്ത്രവാദിക്കുമ-
ച്ചാതുൎയ്യമേറുന്നവൈദ്യനുംവേശ്യയ്ക്കും
ഏതുംമടിക്കാതെവേണ്ടതുനൽകുവാൻ
ഭൂതലവാസികൾക്കില്ലൊരുസംശയം
മറ്റുള്ളവിദ്യകളെല്ലാംപണിപ്പെട്ടു
പഠിച്ചുകൊണ്ടുനടക്കുന്നഭോഷൎക്കു
കൊറ്റുമാത്രംപോലുമെങ്ങുംകഴിവരാ
മറ്റുള്ളതോപിന്നെയൊട്ടുംനിനയ്ക്കേണ്ട
നീററിലെപ്പോളയ്ക്കുതുല്യമാംജീവനെ
പ്പോററുവാനെത്രദുഃഖിക്കുന്നുമാനുഷർ
അററമില്ലാതോരോന്നുചിന്തിച്ചുകാണുമ്പോൾ
മുറ്റുംദുരാഗ്രഹമെന്നേപറയാവൂ
കാണുന്നതൊന്നുംപരമാൎത്ഥമല്ലെന്നു
കാണിനേരംബോധമില്ലമനുഷ്യൎക്കു
ഉണ്ണുമുറക്കവുംകൊണ്ടുദിവസങ്ങൾ
പോണതുമാൎക്കുംമനക്കാമ്പിലില്ലെടോ
ഓണത്തിനില്ലതുവേണ്ടുംപദാൎത്ഥങ്ങൾ
കാണാഞ്ഞൊരുത്തനുഴന്നുനടക്കുന്നു
ഓണപ്പുടവത്തരങ്ങളെടുപ്പതി-
ന്നാണിച്ചുരക്കുവാനില്ലെന്നൊരുവിധം
പ്രാണനോടുംകൂടിവാഴുന്നതൊന്നെങ്കി-
ലേണമിഴിമാൎക്കുവേണ്ടതുനൽകുവാൻ
ആടലില്ലേതുംവിഷുവിനുകമ്പുറം
വടുപണിയിക്കുമെന്നതൊരുവിധം
കേടുതീൎത്താൽമതിതാലികരണ്ടിനു-
മോടുറക്കാൻപണമില്ലെന്നൊരുവിധം
കണ്ടെടമുട്ടുള്ളവക്കിൽതടിയിത-
ന്നുണ്ടാകെയുള്ളാതെ [illegible] തന്റെറവുക്കമിതം
കെട്ടുവമട്ടുമെട്ടുമുണ്ടുനടന്നിട്ടു

വീട്ടിലുള്ളോരെപ്പൊറുപ്പിക്കയുംചിലർ
കിട്ടുന്നതെല്ലാംകളത്രത്തിനേകീട്ടു
പട്ടിണിതന്നെകിടക്കുന്നിതുചിലർ
പട്ടുംവളകളുംകെട്ടിവച്ചുംകൊണ്ടു
നാട്ടിലുള്ളൂട്ടുകൾതേടുന്നിതുചിലർ
പട്ടരോടേററംകടംകൊൾകകാരണാൽ
പട്ടരെക്കണ്ടാലൊളിക്കുന്നിതുചിലർ
മായാസ്വരൂപിയാംനാരായണൻതന്റെ
മായാസമുദ്രത്തിൽമുങ്ങിയുംപൊങ്ങിയും
പ്രായേണസജ്ജനങ്ങളുംദുഃഖിക്കു-
ന്നായവസ്ഥാന്തരംചിന്തിക്കബാലക!
നാനാജനങ്ങൾജനിച്ചുംമരിച്ചും
നാനാവിധങ്ങൾനിനച്ചുംസുഖിച്ചും
ഓരോരോദിക്കിൽചരിച്ചുംചിരിച്ചും
ഓരോരോഭാവംനടിച്ചുംതടിച്ചും
മദ്യമാംസാദികടിച്ചുംപൊടിച്ചും
ഉദ്യോഗമോടേമുടിച്ചുംമദിച്ചും
സാധുജനത്തോടടുത്തുംകെടുത്തും
സാധനമോരോന്നെടുത്തുംകൊടുത്തും
സംസാരദുഃഖംസഹിച്ചുംവഹിച്ചും
കംസാരിനാമംജപിച്ചുംരസിച്ചും
സൽസ്വഭാവങ്ങൾകുറച്ചുംമറച്ചും
ദുസ്സ്വഭാവങ്ങൾനിറച്ചുംവിറച്ചും
സുന്ദരിമാരെത്തിരഞ്ഞുംവിരഞ്ഞും
മന്ദതയോടെകരഞ്ഞുംപറഞ്ഞും
കുത്സിതമെല്ലാംകളഞ്ഞുംതെളിഞ്ഞും
തണ്ടാർശരത്താൽവലഞ്ഞുംപിണഞ്ഞും
ഗർവ്വാഭിമാനംതിളച്ചുംപുളച്ചും
സർവ്വദാചെന്നുകളിച്ചുംചരിച്ചും
ദിഗന്തംനടന്നുംഗൃഹത്തിൽകിടന്നും
സുഖിച്ചുകിടന്നുംസുഖത്തോടിരുന്നും
ജഗത്തിൽപരന്നുംപിണക്കുംവളർന്നും
മനോരുചിതീർന്നുംഹിതന്മാരിതെന്നും
സുതന്മാരിതെന്നുംസുമന്ത്രങ്ങളെന്നും
ചരിത്രങ്ങളെന്നുംവിചിത്രങ്ങളെന്നും
സാരങ്ങളെന്നുംവിസാരങ്ങളെന്നും
വിനോദങ്ങളെന്നുംമനസ്സിൽനിനയ്ക്കയാൽ
കാണുന്നതൊന്നുംപരമാർത്ഥമല്ലെന്നു
കാണിനേരംബോധമില്ലാമനുഷ്യർക്ക്
വേണുവീണാദികൾകൊണ്ടുപലനേര-
മൂണുറക്കംകൊണ്ടുംതൻപിണക്കംകൊണ്ടു-
മേണാക്ഷിമാരുടെകേളീരസംകൊണ്ടും
അധ്യസ്സഭോഗന്നതോർക്കുംനിനവില്ല
കാമംശിക്കുമെന്നുള്ളതുമോർക്കല്ല
കായംപൊവ്വെന്നുചിന്തിക്കയുമില്ല
മായാവധിതന്നിൽമുഴുകിക്കിടക്കയാൽ
ദേഹംമുടങ്ങിക്കിടക്കുന്നക്ഷേമം
മോഹത്തിന്നേതുംകുറവില്ലബാലക!
ദേഹമാനംതന്നെദേഹിയെന്നുംപല

സാഹസംചിന്തിച്ചുതന്നെനടക്കയും
ജ്ഞാനംമനസ്സിലുറയ്ക്കുന്നനേരത്തു
ഞാനെന്നഭാവംനശിക്കുംകുമാരക!
ആനന്ദമുണ്ടാംമനക്കാമ്പിലേററവും
ഞാനെങ്കിലിപ്പോൾഗമിക്കുന്നിതുശിശോ!
ഇപ്രകാരംനാരദമുനിയുംനല്ല
സൽപ്രകാരംപറഞ്ഞാശുബോധിപ്പിച്ചു
അംബരമാർഗ്ഗത്തിങ്കലൂടെപുറപ്പെട്ടി-
തുൾപ്രമോദംകലർന്നാശുകുമാരകൻ
സത്യസ്വരൂപനിൽചിത്തമുറപ്പിച്ചു
ശുദ്ധമായുള്ളവനപ്രദേശത്തിങ്ക-
ലുത്തമമാകുംയമുനാതടേനിന്നു
സത്വരമങ്ങുതപസ്സുചെയ്യുംവിധൌ
വീണാധരനായനാരദമാമുനി
ക്ഷീണനാമുത്താനപാദനെപ്രാപിച്ചു
വാണീവിശേഷങ്ങൾകൊണ്ടുടനവനുടെ
പ്രാണനെരക്ഷിച്ചെഴുന്നരുളീടിനാൻ
മോദമോടക്കാലമങ്ങുധ്രുവൻതാനു
മാദിമാസംകഴിവോളമൊരുപോലെ
സാദരംമൂന്നുവാസരംകൂടുമ്പോ-
ളേതാനുമോരോഫലങ്ങൾഭുജിക്കയും
രണ്ടായമാസത്തിലാറുവാസരേ
കണ്ണാതകൈവിട്ടുപത്രംഭുജിക്കയും
മൂന്നായമാസത്തിലൊമ്പതാംവാസരേ
നന്നായ്ക്കുറച്ചുജലപാനമാക്കിനാൻ
നാലാമതാംമാസിപന്തിരണ്ടാംദിനേ
ബാലാനിലന്മാത്രമാഹാരമാക്കിനാൻ
അഞ്ചാമതായുള്ളമാസത്തിലമ്പോ-
നഞ്ചാതെസർവ്വംപരിത്യജിച്ചീടിനാൻ
പഞ്ചാത്മകമായദേഹത്തിലുംവായു-
സഞ്ചാരമെല്ലാമടക്കിവാണീടിനാൻ
ഏകപാദംഭൂമിതന്നിലുറപ്പിച്ചു
ലോകമിരേഴുംമനസ്സിലാവാഹിച്ചു
ലോകനാഥൻവിഷ്ണുതാനെന്നുകല്പിച്ചു
ശോകമോഹാദികളെല്ലാമുപേക്ഷിച്ചു
കാമവുംക്രോധവുംരാഗവുംദ്വേഷവും
സാദവുംസ്വേദവ്യാമോഹമോഹാദിയും
രോഗാവരോഗവുംദൂരെപ്പെടുത്തീടിനാൻ
ഘോരമായുള്ളൊരുനിഷ്ഠയുറച്ചപ്പോ-
ളീരേഴുലോകവുമൊന്നുഭയപ്പെട്ടു
മാരുതസഞ്ചാരമെല്ലാമടങ്ങുക
കാരണംദുരുണ്ടായദേശാന്തരേ
കൊത്തിച്ചമച്ചമരപ്പാവകൾപോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്
പത്തനംതോറുമിരിക്കുംജനങ്ങടെ
വൃത്താന്തമെത്രയുംചിത്രമെന്നിതു
നിത്യകർമ്മങ്ങളുമെങ്ങുമുട്ടരെയായ്
പുത്രരമത്തെറെ[illegible]ത്തരം
ഉണ്ടിരിക്കുന്നവ[illegible]

മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നൊരു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു
മുണ്ടുടുക്കുന്നവൻ രണ്ടു കരംകൊണ്ടു
മുണ്ടും ഞൊറിഞ്ഞു പിടിച്ചു നിന്നീടുന്നു
തണ്ടെടുത്തും കൊണ്ടു മണ്ടുന്നവനൊരു
കണ്ടിൽ മറിഞ്ഞു കിടന്നാൻ തടിപോലെ
മുങ്ങിക്കിടക്കുന്നു വെള്ളത്തിലും ചിലർ
പൊങ്ങുന്നതിൻമുമ്പു വായു ശമിക്കയാൽ
എണ്ണ തേയ്ക്കുന്നവരപ്പാടിരിക്കുന്നു
കണ്ണെഴുതുന്നവരങ്ങിനെ പാക്കുന്നു,
കഞ്ഞി കോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീട്ടനങ്ങാതിരിക്കുന്നു
പാട്ടു പാടുന്നവർ കയ്യും ചെവിയ്ക്കൽ വ-
ച്ചൊട്ടു വായും പിളർന്നങ്ങിനെ നില്ക്കുന്നു
മദ്ദളം കൊട്ടുന്ന വിദ്വാൻ കഴുത്തിലാ
മദ്ദളമിട്ടുകൊണ്ടങ്ങിനെ നില്ക്കുന്നു
പററുവിളക്കും കഴൽക്കാരനന്നേരം
തെററെന്നു കാലും കവച്ചു നിന്നീടുന്നു
എത്രയും വിസ്മയം സർവ്വജനങ്ങളും
ചിത്രമെഴുതിയപോലെ കാണായ്വന്നു
ധാത്രീതലത്തിലെ ധർമ്മവും കർമ്മവും
ധാത്രീപതികടെ ദാനവും മാനവും
വിപ്രജനത്തിന്റെ വേദവും ജ്ഞാനവും
ക്ഷിപ്രം നശിച്ചിതു കീത്തിയും പൂത്തിയും
വേശ്യാജനത്തിന്റെ കേളിയും മേളവും
വൈശ്യജനത്തിന്റെ നാണിഭം വാണിഭം
ശൂദ്രജനത്തിന്റെ വീര്യവും ശൗര്യവും
ശൂന്യമായക്കാലമെന്നേ പറയാവൂ
ഇഷ്ടിയില്ലാഞ്ഞിട്ടു ദേവകൾക്കൊക്കെയും
പുഷ്ടിയില്ലാതെയായ് തുഷ്ടിയില്ലാതെയായ്
പുഷ്ടിയില്ലാതെയായ് വൃഷ്ടിയില്ലാതെയായ്
കഷ്ടമിതെല്ലാം പറഞ്ഞാലൊടുങ്ങുമോ?

ഇന്ദ്രനുമഥ ചന്ദ്രനുമർക്കനുമഗ്നിയുമമരന്മാരും
മന്ദനുമരവിന്ദജനിന്ദുജനക്ഷജനസുരന്മാരും
ശുക്രനുമതിവിക്രമമേറിന കാലനുമരുണൻ വരുണൻ
ശക്രനുടെ പടകളുമിടവകമന്ത്രികളോതിക്കോനും
അഷ്ടകരികളഷ്ടവസുക്കളുമഷ്ടഫണീന്ദ്രന്മാരും
സപ്തമുനികൾ സപ്തമരുത്തുകൾ സപ്തഗുരുക്കന്മാരും
യക്ഷമുനികൾ കിന്നരചാരണസാദ്ധ്യവിദഗ്ദ്ധന്മാരും
വൃദ്ധമുനികളിത്തരമനവധി വാനവരും കൂടി
മുരഹരനുടെ ചരണസരോരുഹമുടനേ നമനം ചെയ്യാൻ
തെരുതെരെയൊരു പരിഷകളവരവരവിരതമവശതയോടെ
അഹമഹമിതു പറയണമുടനിതു പറയണമറിയിക്കേണം
ബഹുഭയമിതു കരയണമിഹ ദുഃഖമെന്നു പലക്കുംബോധം
പാൽക്കടലുടെ തടഭുവി പടുതര ചടചടഘോഷത്തോടെ
വാക്കുകളിവ പലതരമുരചെയ്തമരകളാശു നിറഞ്ഞു
ജയ! ജയ! പുരുഷോത്തമ! മാധവ! കേശവ! വാമനശൗരേ
ജയ! ജയ! ജഗദീശ്വര! വിശ്രുതവിശ്വമഹാഗുണസിന്ധോ!
ജയ! ജയ! നരപാലനലോല! വിശാലസുശീലനമസ്തേ!
ഇതി ബഹുതരസ്തുതിവചനങ്ങളനേകമുരത്തു സുരന്മാർ
ദിതിസുതരിപുചരണയുഗത്തെ വണങ്ങി വണങ്ങി നിതാന്തം
അതിതരമതിപരവശഭാവമൊടങ്ങവർ നിന്നു ദശായാം
കൗതുകമൊടുടനഖിലചരാചരനാഥനുമന്നരുൾചെയ്തു

മതിമതിമതി ഖേദമമർത്ത്യന്മാരേ!
ഗതിപുനരതിനുണ്ടിഹ കണ്ടിതു ഞാനും
പരിചിനൊടിഹ നിങ്ങടെ ദുഃഖമിതെല്ലാം
ചിരതരമതിദുസ്സഹമെന്നറിയേണം
ധ്രുവനുടെ നിയമാഗ്നിയെരിഞ്ഞു തുടങ്ങി
ധ്രുവമവനതിമാനുഷനെന്നറിയേണം
ശിവശിവ! ശിശുവെങ്കിലുമെത്ര സമർത്ഥൻ
നവനവമൊരു ഭക്തിയുമെത്ര വിചിത്രം!
കുവലയദളലോചനനത്ഭുതശീലൻ
അവനഹമുടനിന്നു വരങ്ങൾ കൊടുക്കാം
പരിണതഗുണശാലികൾ നിങ്ങൾ ഗമിപ്പിൻ!
മുരഹരവചനങ്ങൾ നിശമ്യ തദാനീം
സുരകുലമുടനാർത്തി ശമിച്ചു ഗമിച്ചു
പരിചിനൊടു നിജമന്ദിരമെത്തി രമിച്ചു
ഉരുതരമതികൗതുകമോടു വസിച്ചു

മായാസ്വരൂപിയാം നാരായണൻ ജഗ-
ന്നായകൻ തന്നുടെ വാഹനമാകിയോ-
രായിരം പത്തുമുള്ളോരു ഗരുഡന്റെ
കായം തടവിക്കരംകൊണ്ടു മെല്ലവേ
കണ്ഠത്തിലാമ്മാറു കേറി ക്രമേണ വൈ-
കുണ്ഠലോകത്തിങ്കൽനിന്നു പുറപ്പെട്ടു
രണ്ടുഭാഗത്തും നിറഞ്ഞു മുനികളും
കണ്ടുകൊണ്ടെത്തുന്ന ഭക്തജനങ്ങളും
തുംബുരു തന്മേൽ തിരുനാമമോതുന്ന
തുംബുരുനാരദനെന്നുള്ള ദിവ്യരും

അംബുജവാസിയും വാണിയും ശർവ്വാണിയും
അംബരചാരികൾ തന്റെ കൂട്ടവും
ത്ര്യംബകൻതാനും ഗിരീന്ദ്രതനൂജയും
തമ്മിലലങ്കാരമായിപ്പുറപ്പെട്ടു
മന്നവബാലകൻ കണ്ണുമടച്ചങ്ങു
നിന്നു തപസ്സുചെയ്തീടും പ്രദേശത്തു
ചെന്നു മധുകാനനത്തമരാന്തകൻ
നന്നായ് പ്രസാദിച്ചു നിന്നരുളീടിനാൻ
പാഞ്ചജന്യധ്വനി കേട്ടു ധ്രുവൻ മുദാ
കിഞ്ചന നേത്രം തുറന്നനേകംവിധൌ
നെഞ്ചിൽ നിനച്ചവണ്ണം കാൺകകൊണ്ടു രോ-
മാഞ്ചഹർഷാശ്രുക്കൾ പൂണ്ടു നിന്നീടിനാൻ
ആറുമാസം തപം ചെയ്തൊരു ബാലകൻ
ഏറിയ കൌതുകത്തോടു മുരാരിയെ
കൂറുളവായി പ്രസാദിച്ചവൃത്താന്ത-
മീരേഴുലകിലും പാടുന്നു സജ്ജനം
അപ്പോൾ ധ്രുവനാം നരേന്ദ്രകുമാരകൻ
തൃപ്പാദപങ്കജേ വീണു കൂപ്പീടിനാൻ
തല്പരമാത്മാവറിഞ്ഞു പുകഴ്ത്തുവാൻ
കെല്പുകുറകയാലാനന്ദമഗ്നനായ്
ഉൾപ്പൂവിലാകുലം തേടി നിൽക്കുന്നതും
ചിൽപ്പുമാൻ ബോധിച്ചു മന്ദസ്മിതം തൂകി
തൃപ്പാണിപത്മേ വിളങ്ങുന്ന ശംഖു കൊ-
ണ്ടപ്പോളവന്റെ കപോലസ്ഥലങ്ങളിൽ
ആദരവോടൊന്നു തൊട്ടോരു നേരത്തു
മോദം കലർന്നു ബാലകൻ ദേവേന്ദ്ര-
സോദരനായ മുകുന്ദനെ വന്ദിച്ചു
വേദാർത്ഥസാരം സ്തുതിച്ചു തുടങ്ങിനാൻ.
വന്ദേ ജഗൽപതേ! വന്ദേ വിയൽപതേ!
വന്ദേ ഹരിൽപതേ! വന്ദേ മരുൽപതേ!
വന്ദേ രമാപതേ! വന്ദേ ദയാനിധേ!
വന്ദേ മഹാപതേ! വന്ദേ ഗുണനിധേ!
സൃഷ്ടികർത്താവായി വാഴുന്നതും ഭവാൻ
പുഷ്ടികർത്താവായി വാഴുന്നതും ഭവാൻ
ഇഷ്ടിഫലത്തെ വരുത്തുന്നതും ഭവാൻ
നിഷ്ടദാതാവെന്നു കേൾക്കുന്നതും ഭവാൻ
തുഷ്ടിഫലത്തെ വരുത്തുന്നതും ഭവാൻ
വിഷ്ടപാലംബനനാകുന്നതും ഭവാൻ
മായകൾകൊണ്ടു വലയ്ക്കുന്നതും ഭവാൻ
ആയതു പിന്നെ ഒഴിക്കുന്നതും ഭവാൻ
ആയതമായുള്ള ധാത്രീതലം ഭവാൻ
വൃക്ഷങ്ങളായി വസിക്കുന്നതും ഭവാൻ
പക്ഷികളായിപ്പറക്കുന്നതും ഭവാൻ
പുല്ലുകളായ്ക്കിളുർക്കുന്നതും ഭവാൻ
കല്ലുകളായിക്കിടക്കുന്നതും ഭവാൻ
നല്ലകർമ്മങ്ങൾ തുടങ്ങുന്നതും ഭവാൻ
വല്ലാതെയാക്കിമുടിക്കുന്നതും ഭവാൻ
ഇല്ലങ്ങളെപ്പൊളിപ്പിക്കുന്നതും ഭവാൻ
ചെല്ലങ്ങളെല്ലാം നിറയ്ക്കുന്നതും ഭവാൻ
അഷ്ടിക്കു വേണ്ടതു നൽകുന്നതും ഭവാൻ
പട്ടിണിതന്നെ കിടത്തുന്നതും ഭവാൻ
മുട്ടിപ്പതിന്നു തുടങ്ങുന്നതും ഭവാൻ
മുട്ടുന്ന നേരത്തു നൽകുന്നതും ഭവാൻ
വെട്ടത്തു കാണാതിരിക്കുന്നതും ഭവാൻ
ചട്ടറ്റ സർവ്വേശനാകുന്നതും ഭവാൻ
ഓടുന്നതും ഭവാനാടുന്നതും ഭവാൻ

വിശ്വത്തിലുള്ള പദാർത്ഥസാധ്യങ്ങളിൽ
വിശ്വനാഥാ! ഭവാനെന്നു ഞാനെപ്പൊഴും
വിശ്വസിച്ചീടുന്നു വിശ്വാസവാരിധേ!
വിശ്വൈകബന്ധോ! നമസ്തേ നമോസ്തുതേ!
സ്തോത്രങ്ങളിങ്ങനെ കേട്ടു പ്രസാദിച്ചു
പത്രീശവാഹനൻതാനുമരുൾചെയ്തു
ധാത്രീശനന്ദന! ഖേദം കളക നീ
ധാത്രീതലം നിനക്കെല്ലാമധീനമാം
വിക്രമമേറ്റം ലഭിക്കും നിനക്കെടോ
ചക്രവർത്തിത്വവും വന്നു കൂടും ദൃഢം
ശുക്രബൃഹസ്പതിമാരോടൊരുമിച്ചു
ശക്രലോകേ വസിപ്പാനും കഴിവരും
മുപ്പതിനായിരം ദിവ്യസംവത്സരം
കെല്പോടു രാജ്യവും വാണു സുഖിക്ക നീ
അപ്പുറം ദേവലോകത്തിലത്യു-
ൽകൃഷ്ടമാം പദം കിട്ടും നിനക്കെടോ!
പല്ലുമീഭൂമിയുമുള്ളോരു നാളിലും
ചൊല്ലാർന്ന ദിക്കിലിരിക്കുമെന്നല്ലെടോ!
എല്ലാപ്രപഞ്ചം നശിക്കുന്ന കാലത്തു
മില്ല വിനാശം നിനക്കു മറ്റിക്കനം
ധാത്രയിൽ വാഴുന്ന കാലം തവാനുജ-
നുത്തമൻ നായാട്ടിനായിപ്പുറപ്പെട്ടു
എത്തിപ്പിടിപെട്ടു യക്ഷപ്രധാനികൾ
കുത്തിക്കൊലചെയ്യുമെന്നു ബോധിക്ക നീ
പെറ്റപുത്രവിയോഗം സഹിയാഞ്ഞു
കാട്ടുതീയിൽ വീണു ചാവും സുരുചിയും
ചട്ടങ്ങളിങ്ങനെയെല്ലാമരുൾചെയ്തു
തൊട്ടു തലോടി ധ്രുവനെ വഴിപോലെ
വേണ്ടും വരങ്ങളും നൽകിപ്രത്യക്ഷദേവ-
തനാരൽമാനിനീകാന്തൻ മറഞ്ഞപ്പോൾ
ഇണ്ടലകന്നു സുനീതികുമാരകൻ
കണ്ടോരു തൻപുരം പുക്കുവാണീടിനാൻ.

ഇതി ധ്രുവചരിതം ശീതങ്കൻതുള്ളൽ

സമാപ്തം